# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ആറന്മുള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD/PTA/P11/1109/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 08/12/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറന്മുള ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD/PTA/P11/1109/23 തീയ്യതി: 08/12/2023

# പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സ്നിശ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2023 | 01-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2023 | 01-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അനിൽകുമാർ റ്റി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഷൈജു വൈ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സ്മിത റ്റി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ദീപ.കെ.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ റ്റി. റ്റോജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ശ്രീകുമാർ ആർ. | സെക്രട്ടറി | 01-04-2022 | 04-07-2022 |
| ശ്രീമതി ശ്രീലേഖ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-07-2022 | 13-10-2022 |
| ശ്രീ.ആർ. രാജേഷ് | സെക്രട്ടറി | 14-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശ്രീകുമാർ ആർ. | സെക്രട്ടറി | 01-04-2022 | 04-07-2022 |
| ശ്രീമതി ശ്രീലേഖ പി | സെക്രട്ടറി-ഇൻ–ചാർജ്ജ് | 05-07-2022 | 13-10-2022 |
| ശ്രീ. ആർ. രാജേഷ് | സെക്രട്ടറി | 14-10-2022 | 31-03-2023 |
| ശ്രീമതി ശ്രീലേഖ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ഉണ്ണിക്കൃഷ്ണൻപിള്ള കെ. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 17-11-2022 |
| ശ്രീമതി ശ്രീജ കുഞ്ഞമ്മ സി.ഒ | അസിസ്റ്റന്റ് എൻജിനീയർ(ഇൻ–ചാർജ്) | 18-11-2022 | 21-11-2022 |
| ശ്രീ. തുശ്ശിഎസ്.ബാലൻ | അസിസ്റ്റന്റ് എൻജിനീയർ | 22-11-2022 | 31-03-2023 |
| ഡോ.അഖില | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ.സൈറ ജോൺ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി ചന്ദന ആർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.പ്രദീപ് കുമാർ പി | വെറ്റിനറി സർജൻ(1) | 01-04-2022 | 31-03-2023 |
| ഡോ.പ്രീത നാരായണൻ | വെറ്റിനറി സർജൻ(2) | 01-04-2022 | 31-03-2023 |
| ശ്രീമതി ആമിന സമദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.സാവദ് ജെ | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ചിത്ര ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുലേഖ ആർ. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ. ഷിജി പി പാപ്പച്ചൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 23-06-2022 |
| ഡോ. ശ്രീകുമാർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 24-06-2022 | 12-01-2023 |
| ഡോ. രജിതവർഗീസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 13-01-2023 | 31-03-2023 |
| ശ്രീ.പ്രതാപ്.കെ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആറാട്ടുപുഴ സർക്കിൾ) | 01-04-2022 | 11-04-2022 |
| ശ്രീ. സന്ദേശ് സ്റ്റാലിൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആറാട്ടുപുഴ സർക്കിൾ) | 12-04-2022 | 26-07-2022 |
| ശ്രീ.അജീഷ്.എച്ച് | വില്ലേജ് എക്സ്റ്റൻഷൻ | 27-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ (ആറാട്ടുപുഴ സർക്കിൾ) | | |
| ശ്രീ.രതീഷ്.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കിടങ്ങന്നൂർ സർക്കിൾ) | 01-04-2022 | 18-07-2022 |
| ശ്രീ.വിനീഷ് വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കിടങ്ങന്നൂർ സർക്കിൾ) | 19-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ മൂല്യനിർണയം - ക്രോഡീകരണം സമഗ്രമല്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- തുക ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | റിഡംപ്ഷൻ ഇനത്തിൽ കാണിച്ചിരിക്കുന്ന തുക കൃത്യമല്ല | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | സംയുക്ത പ്രോജക്ടുകളുടെ വിനിയോഗത്തിനായി ലഭിച്ച തുക ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | വാർഷിക ധനകാര്യ പത്രികയിൽ വലിയ തുക ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-11 |
| 13 | പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-12 |
| 14 | മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-13 |
| 15 | നീക്കി ബാക്കി തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-14 |
| 16 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | തെറ്റായി ജേണൽ എൻട്രി നടത്തിയിരിക്കുന്നു | 1-1-16 |
| 18 | സംയുക്ത പദ്ധതികളുടെ ചെലവിനത്തിലെ തുക കൃത്യമല്ല | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | ക്ഷേമ പദ്ധതികൾ | 1-7 |
| 25 | ക്യാഷ് ബാലൻസ് പരിശോധന. | 1-8 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | തനതു വിഭവസമാഹരണം | 1-11 |
| 29 | സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ ലക്ഷക്കണക്കിനു രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു | 1-12 |
| 30 | തൊഴിൽ നികുതി -പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്. | 1-13 |
| 31 | ലൈസൻസ്-അപാകതകൾ | 1-14 |
| 32 | ഹോസ്പിറ്റൽ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-15 |
| 33 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായി ₹2,17,492 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു. | 1-16 |

| | | |
|---|---|---|
| 34 | വാടക ഈടാക്കുന്നതിന് സമയോചിതമായ ഇടപെടലില്ല. | 1-17 |
| 35 | ലേലം -കമ്മിറ്റി തീരുമാനം നടപ്പാക്കിയില്ല. | 1-18 |
| 36 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 1-19 |
| 37 | യോഗ പരിശീലനം-അറ്റൻഡൻസ് പരിഗണിക്കാതെ പ്രതിഫലം നൽകി | 1-20 |
| 38 | കോട്ട കുടിവെള്ള പദ്ധതി- ഫലപ്രാപ്തിയിലെത്താത്ത പദ്ധതി | 1-21 |
| 39 | പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സ്കൂളിനായി തുക ചെലവഴിച്ചു | 1-22 |
| 40 | വാട്ടർ ടാങ്ക് സ്ഥാപിക്കൽ– വികസന ഫണ്ട് അധികമായി വിനിയോഗിച്ചു | 1-23 |
| 41 | ജില്ലാതല യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള നിരക്ക് നൽകിയത് മൂലം - അധിക ചെലവ് | 1-24 |
| 42 | എച്ച്.എം.സി കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-25 |
| 43 | മരുന്നുകൾ ലഭ്യമായില്ല | 1-26 |
| 44 | ഹോമിയോ ആശുപത്രിയുടെ വൈദ്യുതചാർജ് കൊമേഴ്സ്യൽ താരിഫിൽ ഈടാക്കുന്നു | 1-27 |
| 45 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നില്ല | 1-28 |
| 46 | സാന്ത്വന പരിചരണം പദ്ധതി - നിർവഹണത്തിൽ അപാകത. | 1-29 |
| 47 | ലൈബ്രറി സെസ് അടവാക്കിയില്ല | 1-30 |
| 48 | മെയിന്റനൻസ് ഫണ്ട്- 1.65 കോടി രൂപ നഷ്ടപ്പെടുത്തി | 1-31 |
| 49 | നിലവിലില്ലാത്ത തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് - ലക്ഷങ്ങൾ ഗ്രാമപഞ്ചായത്തിന് നഷ്ടം | 1-32 |
| 50 | എസ്.സി പെൺകുട്ടികളുടെ വിവാഹധനസഹായം - പദ്ധതി നടത്തിപ്പിൽ അപാകതകൾ | 1-33 |
| 51 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1-34 |
| 52 | പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു; സർക്കാർ ഖജനാവിന് 992600 രൂപ നഷ്ടം | 1-35 |
| 53 | ക്ഷേമപെൻഷൻ ഡാറ്റാ ബേസിൽ മരണപ്പെട്ടവരും, അനർഹരുമായ 476 പേർ | 1-36 |
| 54 | കടവുകളിലെ ചെളി നീക്കം ചെയ്യൽ തിരുവാഭരണപാത വൃത്തിയാക്കൽ; ബില്ലും വൗച്ചറുമില്ലാത്ത 1.29 ലക്ഷം രൂപയുടെ അനധികൃത ചെലവ് | 1-37 |
| 55 | ബാലാശ്രമം സത്രക്കടവ് റോഡ് – പണി നടത്തിപ്പിൽ ഗുരുതര അപാകം | 1-38 |
| 56 | പാതി വഴിയിൽ മുടങ്ങി കുറിച്ചിമുട്ടം മൃഗാശുപത്രി കെട്ടിട നിർമ്മാണം; 9.63 ലക്ഷം രൂപ ചെലവഴിച്ച കെട്ടിടം സംരക്ഷണമില്ലാതെ നശിക്കുന്നു | 1-39 |
| 57 | പാർശ്വഭിത്തി നിർമ്മാണത്തിന് ആവശ്യമായ അളവിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; കരാറുകാരന് അനർഹമായി നൽകിയ 32774 രൂപ നിരാകരിക്കുന്നു | 1-40 |
| 58 | പ്രവൃത്തി സ്ഥലത്ത് ലഭ്യമായ റബിൾ പണിക്ക് ഉപയോഗിച്ചില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-41 |
| 59 | കരാർ സ്ഥാപനത്തിന്റെ ബില്ലിൽനിന്നും ആദായ നികുതി കുറവായി ഈടാക്കി | 1-42 |
| 60 | ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് യഥാസമയം അക്കൌണ്ട് അരംഭിച്ചില്ല; പഞ്ചായത്തിന് കിട്ടാനുള്ളത് 5.27 ലക്ഷം രൂപ | 1-43 |
| 61 | വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ച് ചെറുതും, ഫലക്ഷമത കുറഞ്ഞതുമായ പദ്ധതികൾ ആവിഷ്കരിക്കുന്നു | 1-44 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വാട്ടർ ടാങ്ക് സ്ഥാപിക്കൽ വികസന ഫണ്ട് അധികമായി ഉപയോഗിച്ചു. | 3-1 |
| 2 | ജില്ലാതല യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള നിരക്ക് നൽകിയത് മൂലം അധിക ചിലവ് | 3-2 |
| 3 | കടവുകളിലെ ചെളി നീക്കം ചെയ്യൽ തിരുവാഭരണപാത വൃത്തിയാക്കൽ; ബില്ലും വൌച്ചറുമില്ലാത്ത 1.29 ലക്ഷം രൂപയുടെ അനധികൃത ചെലവ് | 3-3 |
| 4 | പാതി വഴിയിൽ മുടങ്ങി കുറിച്ചിമുട്ടം മൃഗാശുപത്രി കെട്ടിട നിർമ്മാണം; 9.63 ലക്ഷം രൂപ | 3-4 |

| | | |
|---|---|---|
| | ചെലവഴിച്ച കെട്ടിടം സംരക്ഷണമില്ലാതെ നശിക്കുന്നു | |
| 5 | പാർശ്വഭിത്തി നിർമ്മാണത്തിന് ആവശ്യമായ അളവിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; കരാറുകാരന് അനർഹമായി നൽകിയ 32774 രൂപ നിരാകരിക്കുന്നു | 3-5 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24-07-2023 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 25-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

08.12.2023 ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട

### 1-1-1 ആസ്തികളുടെ മൂല്യനിർണയം - ക്രോഡീകരണം സമഗ്രമല്ല

ആസ്തി രജിസ്റ്റർ സമഗ്രമല്ല. ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- തുക ഉൾപ്പെടുത്തിയിട്ടില്ല

ഷെഡ്യൂൾ ബി-11(b): Capital Work In Progress- അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർമ്മാണ പ്രവൃത്തികൾക്ക് പാർട്ട് പെയ്മെന്റ് നടത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-4 റിഡംപ്ഷൻ ഇനത്തിൽ കാണിച്ചിരിക്കുന്ന തുക കൃത്യമല്ല

ഗ്രാമപഞ്ചായത്തിന്റെ ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നിന്നും 4950818 രൂപ, ജനറൽ പർപ്പസ് അക്കൗണ്ടിൽ നിന്നും 20609417 രൂപ എന്നിവ ഉൾപ്പെടെ 25560235 രൂപ വർഷാവസാനം സർക്കാർ കുറവ് ചെയ്തിരുന്നു. എന്നാൽ ഷെഡ്യൂൾ ബി-15 പ്രകാരം റിഡംപ്ഷൻ തുകയായി കാണിച്ചിരിക്കുന്നത് 25981798 രൂപയാണ്.

### 1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-6 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയാണ് രേഖപ്പെടുത്തിയിട്ടുള്ളത്

### 1-1-7 വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B15, B9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-8 നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി4 പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-9 സംയുക്ത പ്രോജക്ടുകളുടെ വിനിയോഗത്തിനായി ലഭിച്ച തുക ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി4 പ്രകാരം സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-10 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി7 പ്രകാരം 323803 രൂപ നീക്കി ബാക്കിയായി കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-1-11 വാർഷിക ധനകാര്യ പത്രികയിൽ വലിയ തുക ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു

വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ മുൻകൂർ നൽകിയ ഇനത്തിൽ വലിയ തുക ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ നൽകിയ മുൻകൂർ തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം വാങ്ങി പ്രസ്തുത അക്കൗണ്ട് ഹെഡ്ഡ് കൃത്യമാക്കേണ്ടതാണ്.

### 1-1-12 പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

### 1-1-13 മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ ഷെഡ്യൂൾ I(18) & I(19) എന്നിവ പ്രകാരം Prior Period Income, Prior Period

Expenditure എന്നീ ശീർഷകങ്ങളിലെ ചുവടെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന വരുമാനം, ചെലവ് എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| | |
|---|---|
| Prior Period Income | 823254 |
| Prior Period Expenditure | 13528 |

### 1-1-14 നീക്കി ബാക്കി തുക തെറ്റായി രേഖപെടുത്തിയിരിക്കുന്നു.

ഷെഡ്യൂൾ ബി4 പ്രകാരം വെസ്റ്റേൺ ഗാട്ട് ഡവലപ്മെന്റ് പ്രോഗ്രാം അക്കൗണ്ടിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുക 20803 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുക 21143 രൂപയാണ്. പലിശയിനത്തിലുള്ള തുക ഉൾപ്പെടുത്താത്തത് മൂലമാണ് വ്യത്യാസം ഉണ്ടായത്.

### 1-1-15 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപെടുന്നില്ല

വാടക, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിങ്ങനെയുള്ള വരവിനങ്ങളിലെ വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-16 തെറ്റായി ജേണൽ എൻട്രി നടത്തിയിരിക്കുന്നു

ഷെഡ്യൂൾ I-6- ൽ ശുചിത്വമിഷൻ ഗ്രാന്റിനത്തിൽ 245000 രൂപ തെറ്റായി ജേണൽ എൻട്രി നടത്തിയിരിക്കുന്നു.

### 1-1-17 സംയുക്ത പദ്ധതികളുടെ ചെലവിനത്തിലെ തുക കൃത്യമല്ല

സംയുക്ത പദ്ധതികളുടെ ചെലവിനത്തിൽ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല.

### 1-2 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്, പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 31.03.2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി 13.03.2023 തീയതിയിൽ ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥത്തിലുള്ള വരവ് ചെലവും ഇപ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 25192635 | 30282752 | 5090117 |
| വരവ് | 190632000 | 67911565 | -122720435 |
| ആകെ | 215824635 | 98194317 | (-)117630318 |
| ചെലവ് | 196974000 | 61220743 | (-)13575325 |
| നീക്കിയിരിപ്പ് | 18850635 | 36973574 | 18122939 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീപ്റ്റ് & പെയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 30282752 | |
| ഓഡിറ്റ് വർഷത്തെ വരവ് | 67911565 | 164459715 |
| ആകെ വരവ് | 98194317 | 164459715 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 61220743 | 158560352 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 36973574 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 19919467 | 19919467 | 17832689 | 2086778 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 16517392 | 16517392 | 14582946 | 1934446 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1232218 | 8830220 | 10062438 | 6292809 | Lapse-1444349<br>Balance-2325280 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 1442093 | 4312025<br>+147722<br>(Interest)<br>= 4459747 | 5901840 | 3932112 | Lapse-403070<br>Balance-1566658 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | | 23931000 | 23931000 | 10487004 | 13443996 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | | 5824000 | 5824000 | 2762890 | 3061110 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 3018 | 21 | 3039 | 0 | 3039 |
| ശബരിമല ഗ്രാന്റ് | 139321 | 259000 | 398321 | 268322 | 129999 |
| ശുചിത്വ മിഷൻ | 0 | 796442 | 796442 | 796442 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ.സി.ഡി.എസ്. | 1235236 | 1122988 | 2358224 | 878651 | 1479573 |
| എം.ജി.എൻ.ആർ.ജി.എസ് | 3681 | 23632935 | 23636616 | 23531281 | 105335 |
| ഹെൽത്ത് ഗ്രാന്റ് | 0 | 480427 | 480427 | 60770 | 419657 |
| ഹെൽത്ത് ഗ്രാന്റ്-റൂറൽ | 0 | 266989 | 266989 | 159538 | 107451 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി -വായ്പാ തിരിച്ചടവ് എന്നിവയിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വരവിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 513333 |
| ,, | അങ്കണവാടി അധിക വേതനം | 1708200 |
| വികസന ഫണ്ട്-ടി.എസ്.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1349928 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 287 | 111544167 | 194 | 66703274 | 93 | 67.6 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | ആകെ അടങ്കൽ തുക | നടപ്പാക്കിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 39 | 16457240 | 30 | 12391142 | 75 |
| കൃഷി ഓഫീസർ | 13 | 4211422 | 13 | 4170252 | 99 |
| വെറ്ററിനറി സർജൻ | 9 | 2939800 | 9 | 1653120 | 56 |
| വി.ഇ.ഒ. | 22 | 27999919 | 17 | 16971870 | 61 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 153 | 43666184 | 82 | 19591529 | 45 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 5663200 | 10 | 4244563 | 75 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 10 | 2971298 | 9 | 1762029 | 59 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 4 | 1060000 | 4 | 1060000 | 100 |
| ഹെഡ് മാസ്റ്റർ | 7 | 1832000 | 5 | 1531954 | 84 |
| ഡയറിഫാം ഇൻസ്പെക്ടർ | 4 | 1751826 | 4 | 1120918 | 64 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 10 | 2796278 | 9 | 2046897 | 73 |
| എം.ഒ (ഹോമിയോ) | 2 | 135000 | 2 | 135000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 60000 | 1 | 24000 | 40 |
| ആകെ | 287 | 111544167 | 194 | 66703274 | |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3681 | 2066764 | 2070445 | 1965110 | 105335 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 21566171 | 21566171 | 21566171 | |
| ആകെ | 3681 | 23632935 | 23636616 | 23531281 | 105335 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4,459,600.00 | 383 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3,540,800.00 | 337 |
| വിധവാപെൻഷൻ | 11,107,800.00 | 1125 |
| വാർദ്ധക്യകാല പെൻഷൻ | 35,448,000.00 | 3607 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിനമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 308,200.00 | 32 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.23തീയതിയിൽ 1.05 A.m ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6672രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

- പഞ്ചായത്തിലെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ മാസ്റ്റർ ഇംകുമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
- ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
- സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, ഏതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പുതുതായി നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ.2019 ചട്ടത്തിലെ അനുബന്ധം ജി2 മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി പരിഷ്കരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, മുൻ വർഷം ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
- ക്ഷേമപെൻഷൻ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് കമ്മിറ്റി തീരുമാനം എടുത്ത് 2 ദിവസത്തിനകം നൽകേണ്ടതാണ്.
- പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും, പുതുതായി അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.
- മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പ്രി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.

- ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- ആഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.02.2022 മുതൽ 19.02.2022 വരെ | 04/2021- 12/2021 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.08.2012 മുതൽ 25.08.2012 വരെ | 2007-08 മുതൽ 2011-12 വരെ | 19.10.2012 |

## 1-11 തനതു വിഭവസമാഹരണം

**തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികളില്ല.**

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയവരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. തനത് വരുമാനം പ്രധാനമായും ലഭിക്കുന്നത് നികുതി നികുതിയേതര ഇനങ്ങളിൽ നിന്നാണ്. തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും നികുതി കുടിശ്ശിക നിവാരണത്തിനായി ക്യാമ്പ് സംഘടിപ്പിക്കൽ, നോട്ടീസ് ഉൾപ്പടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യേണ്ടതായുണ്ട്. വിവിധ തനതു വരവുകളുടെ ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് | കളക്ഷൻ | ശതമാനം |
|---|---|---|---|---|
| 1 | വസ്തുനികുതി | 5460705 | 5173120 | 94.73 |
| 2 | വാടക | 765689 | 597821 | 78.07 |
| 3 | തൊഴിൽ നികുതി | 2232345 | 436200 | 19.53 |
| 4 | ലൈസൻസ് ഫീസ് | 327100 | 218900 | 66.92 |

**1. വസ്തുനികുതി**

നികുതി നിരക്ക് വിജ്ഞാപന വിശദാംശങ്ങൾ (തദ്ദേശ സ്വയംഭരണ(ആർസി) വകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)നം. 77/2023/LSGD ഉത്തരവു പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിൻ പ്രകാരം അടിസ്ഥാന നികുതി നിരക്കുകളുടെ കരട് തയ്യാറാക്കി 17.05.23 ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പുതുക്കിയ നിരക്കുകൾ പ്രകാരം സേവന നികുതി ഈടാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. അനുയോജ്യമായ സംവിധാനം ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2. തൊഴിൽ നികുതി

കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ (കൈ) നം. 84/22 തസ്വഭവ തീയതി 19/04/2022)ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച് നൽകിയ പൊതുനിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി എസ്) എ9-764/2019 നമ്പർ സർക്കുലർ, ജി.ഒ (പി) 143/2008

തസ്വഭവ/തീയതി. 27.05.2008 ആയുള്ള സർക്കാർ ഉത്തരവ് എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻവ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3. ലൈസൻസ്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുള്ള സാധ്യത പരിഗണിക്കേണ്ടതാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യം പരിശോധിച്ച് ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കണമെന്ന് ശുപാർശ ചെയ്യുന്നു. FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നുണ്ടെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE&OS ലൈസൻസ് ഫീസുകൾ അത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. വാടക

വാടക കുടിശ്ശികയിനത്തിൽ അവശേഷിക്കുന്ന തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിഭവ സമാഹരണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും വിഭവ സമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.സാധ്യമായ എല്ലാവഴികളും സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ ലക്ഷക്കണക്കിനു രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശികയിനത്തിൽ 5.82 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. 2013-14 മുതലുള്ള വസ്തുനികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|
| 1 | 2/76 | ജൂനിയർ എഞ്ചിനിയർ,<br>പി.ഡബ്ല്യു.ഡി ആഫീസ്,<br>മാലക്കര, മാലക്കര പി ഒ. | 2013-14 മുതൽ 2022-23 വരെ | 7625 |
| 2 | 6/266 | എ ഇ ഒ, വിദ്യാഭ്യാസ ഉപജില്ല, ആറൻമുള, ആറന്മുള പി ഒ | 2013-14 മുതൽ 2022-23 വരെ | 55284 |
| 3 | 6/294 | വില്ലേജ് ആഫീസ്, ആറന്മുള. | 2013-14 മുതൽ 2022-23 വരെ | 20974 |
| 4 | 6/295 A | ജില്ലാ സ്റ്റേഷനറി ഓഫീസർ, ജില്ലാ സ്റ്റേഷനറി ഓഫീസ്, പത്തനംതിട്ട (ആറന്മുള സർക്കിൾ), | 2013-14 മുതൽ 2022-23 വരെ | 40543 |

| | | | | |
|---|---|---|---|---|
| 5 | 6/295 B | ജില്ലാ സ്റ്റേഷനറി ഓഫീസർ, ജില്ലാ സ്റ്റേഷനറി ഓഫീസ്, പത്തനംതിട്ട (ആറന്മുള സർക്കിൾ) | 2013-14 മുതൽ 2022-23 വരെ. | 40543 |
| 6 | 6/295 | ജില്ലാ സ്റ്റേഷനറി ഓഫീസർ, ജില്ലാ സ്റ്റേഷനറി ഓഫീസ്, പത്തനംതിട്ട (ആറന്മുള സർക്കിൾ) | 2013-14 മുതൽ 2022-23 വരെ | 40543 |
| 7 | 6/296 | ജില്ലാ രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, ആറന്മുള, ഒന്നാംനില-മിനി സിവിൽ സ്റ്റേഷൻ, ആറന്മുള | 2013-14 മുതൽ 2022-23 വരെ. | 38532 |
| 8 | 6/296 A | ജില്ലാ രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, ആറന്മുള, ഒന്നാംനില-മിനി സിവിൽ സ്റ്റേഷൻ, ആറന്മുള | 2013-14 മുതൽ 2022-23 വരെ | 38532 |
| 9 | 6/296 B | ജില്ലാ രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, ആറന്മുള, ഒന്നാംനില-മിനി സിവിൽ സ്റ്റേഷൻ, ആറന്മുള | 2013-14 മുതൽ 2022-23 വരെ | 38532 |
| 10 | 6/297 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, സബ് ഡിവിഷൻ-ആറന്മുള, രണ്ടാം നില-മിനി സിവിൽ സ്റ്റേഷൻ, ആറന്മുള, | 2013-14 മുതൽ 2022-23 വരെ | 62908 |
| 11 | 6/297 A | ജില്ലാ ടൂറിസം ഓഫീസർ,<br>ജില്ലാ ടൂറിസം ഓഫീസ്, രണ്ടാം നില- മിനി സിവിൽ സ്റ്റേഷൻ, ആറന്മുള. | 2013-14 മുതൽ 2022-23 വരെ | 21404 |
| 12 | 6/298 | ഫുഡ് സേഫ്റ്റി ഓഫീസർ,<br>ഫുഡ് സേഫ്റ്റി ഓഫീസ് -ആറന്മുള സർക്കിൾ, മൂന്നാം നില-മിനിസിവിൽ സ്റ്റേഷൻ, ആറന്മുള, | 2013-14 മുതൽ 2022-23 വരെ | 34476 |
| 13 | 6/298 A | ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ,ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസ്, മൂന്നാം നില-മിനി സിവിൽ സ്റ്റേഷൻ, ആറന്മുള. | 2013-14 മുതൽ 2022-23 വരെ | 34476 |
| 14 | 6/298 B | ജിയോളജിസ്റ്റ്.ജിയോളജി ആന്റ് മൈനിംഗ് ഡിപ്പാർട്ട്മെന്റ്, മൂന്നാംനില-മിനി സിവിൽ സ്റ്റേഷൻ, ആറന്മുള. | 2013-14 മുതൽ 2022-23 വരെ | 34476 |
| 15 | 6/1008 | ജില്ലപോലീസ് ചീഫ്,എസ് പി.ഓഫീസ്, പത്തനംതിട്ട. | 2014-15 മുതൽ 2022-23 വരെ | 73707 |
| | | **ആകെ** | | **582555** |

മേൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ വസ്തുനികുതി ഈടാക്കാതിരുന്നതിന വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/31-10-2023) മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി സ്വീരിച്ച് കുടിശ്ശിക ഈടാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി -പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

പഞ്ചായത്ത് രാജ് നിയമം 204ാം - വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾനടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധന പ്രകാരം കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2022-23 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ്.

2. ദി .ക്ലിനിക്ക്, മാലക്കര.

11. ക്ഷീരോൽപാദക സംഘങ്ങളിലെ സ്ഥാപന നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടില്ല.

1. നീർവിളാകം ക്ഷീരോൽപാദക സഹകരണ സംഘം.

2. ഇടയാറൻമുള ക്ഷീരോൽപാദക സഹകരണ സംഘം.

3. കോട്ട ക്ഷീരോൽപാദക സഹകരണ സംഘം.

4. കിടങ്ങന്നൂർ ക്ഷീരോൽപാദക സഹകരണ സംഘം.

111. കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2022-23 -ൽ ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ, ചുവടെ ചേർത്തിരിക്കുന്ന കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയില്ല. ഇവർ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1. ബിനോജ് വർഗീസ്, സ്നേഹ ഭവൻ, കുളനട.

2. സിബി ജോൺ, സിബി ഭവൻ, കുമ്പഴ.

3. വിഷ്ണു പുരുഷോത്തമൻ, പുത്തൻപുരയിൽ, ഇടയാറൻമുള.

4. ശരവൺ .R.നാഥ്, പന്തളം

5. പ്രസാദ്.T. N, കാവിൽ കിഴക്കേതിൽ, ഇടയാറൻമുള.

6. സുരേഷ് കുമാർ. പി.ജി, പന്തളം.

7. ബെന്നി സ്കറിയ, കല്ലു കാലായിൽ, ഇടയാറൻമുള.

8. വിപിൻ രാജ്. K, വിപിൻ സദനം.

9. രതീഷ് കുമാർ, രതീഷ് ഭവനം, കോട്ട.

9. അസീസ്. M .M, മുത്തി ഹൗസ്, മൂവാറ്റുപുഴ.

10. സജിത് കെ, നീർവിളാകം.

തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ലിസ്റ്റ് അവരുടെ ശമ്പളത്തിന്റ/വരുമാനത്തിന്റെ വിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് സഹിതം ഫോറം II-ൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമകൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ആയതുപ്രകാരം നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാ ബേസ് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ലൈസൻസ്-അപാകതകൾ

1. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 232ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടം 4 പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ 18 വാർഡുകളിലായി ആകെ 406 ലൈസൻസുകളാണ് അനുവദിച്ചിട്ടുള്ളത്. പഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിററിംഗ് സിസ്ററം നടപ്പിലാക്കുന്നതിന്റെ ഭാഗമായി

തയ്യാറാക്കിയ QR Code പതിപ്പിച്ച സ്ഥാപനങ്ങളുടെ ലിസ്ററ് പ്രകാരം 618 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയതനുസരിച്ച് 212 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസില്ലാതെ പ്രവർത്തിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതു മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിന് ആനുപാതികമായ കുറവുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബാധകമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

2. റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്യുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ച ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിനുള്ള നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി - 22.01.201) അറിയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 18 റേഷൻ കടകളിൽ ആറെണ്ണം ഒഴികെ ബാക്കിയുള്ളവ ലൈസൻസ്എടുത്തിട്ടില്ല. അവശേഷിക്കുന്ന റേഷൻ കടകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരന്റെ തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. റേഷൻ റീട്ടെയിൽ ഡിപ്പോകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

## 1-15 ഹോസ്പിറ്റൽ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും കേരള പഞ്ചായത്ത്‌രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കുകയോ/പുതുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വാർഡ് നം. | നടത്തിപ്പുകാരന്റെ വിവരങ്ങൾ | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|---|---|
| 1 | 2/481,485 | Dr. മാണിക്. ജി. ഹിരാനന്ദാനി, ഗുരുചരൺ, മാലക്കര | ദി.ക്ലിനിക്ക്. ( ക്ളിനിക്ക്.) |
| 2 | 2/559 | Dr. ചെറിയാൻ, St. തോമസ് ഹോസ്പിറ്റൽ. | ഹോസ്പിറ്റൽ. |
| 3 | 3/216 | ശിവകുമാർ, ശിവസദനം, ഇടയാറൻമുള. | നാഗാർജ്ജുനആയുർവേദ ഡിസ്പെൻസറി |
| 4 | 4/164 | രാധാമണിയമ്മ, ബാല നിലയം, ഇടയാറൻമുള. | H.R .P.M ലാബ് , ക്ലിനിക്കൽ ലാബ് |
| 5 | 6 | പ്രശാന്ത്കുമാർ.M.R, പ്രശാന്ത്ഭവൻ, നീർവിളാകം. | ഇന്ദിരമൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ളിനിക്ക്. |
| 6 | 6 | നിതിൻ റെജി തോമസ്, ബഥേൽ ഹൗസ്, ഇടശ്ശേരിമല. | പ്രൈം ഡെന്റൽ കളിനിക്ക് |
| 7 | 6/1116 | ധന്യാ വാസുദേവൻ, വെച്ചൂർ മനയ്ക്കൽ, മേലുകര. | വെച്ചൂർ മന ആയുർവേദിക് സെന്റർ& ഫാർമസി. |
| 8 | 6/479 | Dr. അനിൽ.P. ഷാലി, ഷാജി ഭവൻ, കടപ്ര | ജയാനിൽ ക്ളിനിക്ക്. |
| 9 | 6/226,227,228,229 | Dr.V.S. തലാരി, പൂവള്ളിൽ ഹൗസ്, ഇലഞ്ഞർ. | എക്സൽ ക്ളിനിക്ക്. മെഡിക്കൽ .ഒ.പി. ക്ളിനിക്ക്. |
| 10 | 6/479 | ലീലാമണിയമ്മ, കൊല്ലേത്തു മണിമന്ദിരം. | ഹോസ്പിററൽ. |

| | | | |
|---|---|---|---|
| 11 | 7/79 | പ്രസിഡന്റ്, N. S.S ആയുർവേദ ഹോസ്പിറ്റൽ, | ഹോസ്പിറ്റൽ. |
| 12 | 9/185,188,189 | ഡെയിസി സുനിൽ, പൊയ്കയിൽ ഹൗസ്. | ആയുർവേദ പഞ്ചകർമ്മ സെന്റർ. |
| 13 | 9/817 | ബിന്ദു.കെ.തോമസ്, കാവു ഉണ്ടിയിൽ ഹൗസ്, ചിറയിറമ്പ് . | മൈക്രോ ലാബ് |
| 14 | 9/154 | Dr.റോബിൽ സാമുവേൽ മാത്യം, ചിറക്കരോട്ട്. | ഡെന്റൽ ക്ലിനിക്ക്. |
| 15 | 10/475 | Dr. ധന്യാ സുരേഷ്, പേഴ നിൽക്കുന്നതിൽ, ഉള്ളന്നൂർ. | ആയുർവേദ ചികിത്സ. |
| 16 | 10/254 | ധന്യ.ബി. പുളിച്ചിറ മാമൂട്ടിൽ ഹൗസ്. കാരിത്തോട്ട. | ഹന്ന ക്ളിനിക്കൽ ലാബ്. |
| 17 | 10/155,156 | മർത്തോമാ ചർച്ച് , G. M. ഹോസ്പിറ്റൽ | ഹോസ്പിറ്റൽ. |
| 18 | 14/312 | Dr.ശോഭ.എൻ.ജെ.പാറയ്ക്കൽ ഹൗസ്, കാരിത്തോട്ട. | സുരഭ് ഹോമിയോ ക്ളിനിക്ക്. |
| 19 | 14/418 | Dr. അരുൺ കുമാർ, വല്ലന. | ഡോ. അരുൺസ് ക്ലിനിക്ക്. ഒ.പി.ക്ലിനിക്ക്. |
| 20 | 14/604,605 | ശ്രീജ വിനോദ്,ശ്രീ. വിലാസം, കോട്ട. | ലൈഫ് കെയർ മെഡിക്കൽ ലാബ്. |
| 21 | 14/625 | Dr. ജയേഷ് പ്രകാശ് ജെ.പ്രണവം, മെഴുവേലി | അയ്യുർവേദ ചികിത്സ. |
| 22 | 15/467E | Dr.അഞ്ജു.ട. ചന്ദ്രൻ, കൃഷ്ണപ്രഭ, കുളനട. | അനന്ത ശ്രീ ആയുർവേദ ക്ലിനിക്ക് & ഫാർമസി. |

പ്രസ്തുത സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 1997-ലെ ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻഎടുക്കുകയോ/പുതുക്കുകയോ ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായി ₹2,17,492 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

**2022-23** സാമ്പത്തിക വർഷം വരെയുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ **₹217492** കുടിശ്ശിക വരുത്തിയിട്ടുള്ളതാണ് എന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | മൊബൈൽ ടവർ | കുടിശ്ശിക കാലയളവ് | നികുതി - കുടിശ്ശിക (ലൈബ്രറി സെസ്സ്+സർവീസ് സെസ്സ്ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 1/647 | വോഡാഫോൺ എസ്സർ സെല്ലുലാർ Ltd. | 20-21 First Half &21-22 First Half | 7590 |
| 2 | 4/410/A | സുമിത്ത് ഡിജിററൽ ഇൻഫ്രാ സ്ട്രക്ച്ചർLtd. | 22-23 Second Half | 4972 |

| | | | | |
|---|---|---|---|---|
| | | പുകലക്കാട്ട്, കാര്യാട്ടു ടവർ. | | |
| 3 | 6/1052 | സബ് ഡിവിഷണൽ എഞ്ചിനീയർ, BSNL | 13-14 First Half To22-23 Second Half. | 75900 |
| 4 | 8/602 | റിലിയൻസ് മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് അർക്കിൾ എസ് റോഡ്,നാൽക്കാലിക്കൽ. | 16-17 First Half To22-23 Second Half | 75900 |
| 5 | 9/823 | ഹച്ച് സൺ എസ്സർസെല്ലുലാർ Ltd. | 2016-17 Second Half<br>2017-18 First Half,18-19 First Half,19-20 First Half,21-22 First Half | 18975 |
| 6 | 14/714 | വോഡാഫോൺ<br>എസ്സർ സെല്ലുലാർ Ltd.<br>എറണാകുളം. | 20-21 First Half,21-22 First Half. | 7590 |
| 7 | 18/419 | എസ്സർ ടെൽകോം ഇൻഫ്രാ സ്ക്ടക്ച്ചർ | 13-14 First&second,<br>18-19first&second, | 22770 |
| 8 | 18/683 | ടവർ വിഷൻ ഇൻഡ്യ Pvt Ltd. | 17-18 Second Half | 3795 |
| | | | ആകെ | 2,17,492 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് തുക ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 വാടക ഈടാക്കുന്നതിന് സമയോചിതമായ ഇടപെടലില്ല.

വാടക സംബന്ധിച്ച രജിസ്റ്റർ പ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കിടങ്ങന്നൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 27 മുറികൾ, കോട്ട ഷോപ്പിംഗ് കോംപ്ലക്സിലെ 17 മുറികൾ എന്നിവ ഉൾപ്പെടെ 44 മുറികളാണ് വാടകയ്ക്ക് നൽകുന്നത്. വാടകപിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചത് പ്രകാരം കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വാടക രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| | | A.F.S.പ്രകാരം. | രജിസ്റ്റർ പ്രകാരം. |
|---|---|---|---|
| ഡിമാന്റ് | കുടിശിക | 167550 | തയ്യാറാക്കിയിട്ടില്ല. |
| | തൻ വർഷം | 765689 | 786689 |
| കളക്ഷൻ. | കുടിശിക | 28619 | തയ്യാറാക്കിയിട്ടില്ല. |
| | തൻ വർഷം | 597821 | 628083 |
| ബാലൻസ്. | കുടിശിക | 138931 | തയ്യാറാക്കിയിട്ടില്ല. |
| | തൻ വർഷം | 163668 | 158606 |

അപാകം പരിഹരിക്കേണ്ടതാണ്.

2. വാടക ഈടാക്കുവാൻ അവശേഷിക്കുന്നു.

| ക്രമ നം | റൂം നമ്പർ | വാടകക്കാരന്റെ പേര് | 2022-23 വർഷം വാടകയിനത്തിൽ ഒടുക്കാനുള്ള തുക (രൂപ) |
|---|---|---|---|
| 1 | കിടങ്ങന്നൂർ ഷോപ്പിംഗ് | ഡെയ്സി സുനിൽ, | 6018 (3/23) |

| | | | |
|---|---|---|---|
| | കോംപ്ലക്സിലെ റൂം നമ്പർ-2 | പൊയ്കയിൽ. | |
| 2 | കിടങ്ങന്നൂർ ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ-3 | എം.ആർ. വിജയകുമാർ, മാവേലിൽ, ഇടയാറൻമുള. | 1,81,092 (4/22 To3/23) |

കുടിശ്ശിക ഈടാക്കുവാൻ റെവന്യൂ റിക്കവറി തുടർനടപടി സ്വീകരിച്ചിട്ടുള്ളതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

3. കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു.

കിടങ്ങന്നൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 14,15,16,20,23 എന്നീ മുറികളും കോട്ട ഷോപ്പിംഗ് കോംപ്ലക്സിലെ 7,10,13,14,15,16 എന്നീ മുറികളും ഒഴിഞ്ഞു കിടക്കുന്നു. 2022-2023ൽ വാടകയ്ക്ക് നൽകാത്ത കടമുറികളുടെ വിവരവും അവ ഒഴിഞ്ഞു കിടക്കാൻ ഇടയായ സാഹചര്യവും വിശദമാക്കുന്നതിനു നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.6/28.10.23) മറുപടി ലഭ്യമാക്കിയില്ല.

ഷോപ്പിംഗ് കോംപ്ലക്സിന്റെ അറ്റകുറ്റപ്പണി നടത്തിയും, സമയ ബന്ധിതമായി ലേലം നടത്തിയും കുടിശ്ശിക ഈടാക്കിയും വാടക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-18 ലേലം -കമ്മിറ്റി തീരുമാനം നടപ്പാക്കിയില്ല.

ആഡിറ്റ് കാലയളവിലെ ജനറൽ കമ്മറ്റി മിനിട്സ് പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള ലേല നടപടികൾ നടപ്പിലാക്കുന്നതിനു തീരുമാനമെടുത്തിട്ടുള്ളതായി കണ്ടു.

| ക്രമ നം. | കമ്മറ്റി തീയതി | തീരുമാന നമ്പർ | തീരുമാനം | നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 31.01.23 | 11 | KDMG .LP സ്കൂൾ ചുറ്റുവളപ്പിനുള്ളിൽ ഭീഷണിയായി നിൽക്കുന്ന വാകമര ലേലം. | എച്ച്.എം. |
| 2 | 07/05/2022 | 2 | ഗ്രാമപഞ്ചായത്ത് പരിധിയിൽ അപകടകരമായി നിൽക്കുന്ന മരങ്ങളുടെ ലേലം | സെക്രട്ടറി |
| 3 | 11.02.22 | 2 | ആറന്മുള ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ പുറകുവശത്തായി കിടക്കുന്ന പഴകി ദ്രവിച്ച തകരഷീറ്റുകൾ, തടികസേരകൾ എന്നിവയിന്മേൽ എൽ. എസ് ജി .ഡി. അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലുള്ള ലേലം. | സെക്രട്ടറി |
| 4 | 7.5.22 | - | ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആറന്മുള ചന്ത, കോട്ട ചന്ത, കോട്ടയ്ക്കകം ചന്ത, കിടങ്ങന്നൂര്, പുന്നമലച്ചിറ എന്നീ സ്ഥലങ്ങളിൽ നിൽക്കുന്ന തെങ്ങുകളിലെ മേലാദായത്തിനുള്ള 2022-23 ലേക്കുള്ള അവകാശ ലേലം. | സെക്രട്ടറി |
| 5 | 15.03.22 | 2 | ആറന്മുള ഗ്രാമ പഞ്ചായത്തിലെ സി എഫ് എൽ റ്റി സി ആയി പ്രവർത്തിച്ചിരുന്ന ആറന്മുള കോ-ഓപ്പറേറ്റീവ് എഞ്ചിനീയറിംഗ് കോളേജിലെ റൂമുകൾ വേർതിരിക്കുന്നതിനായി ഉപയോഗിച്ച അലൂമിനിയം ഫേബ്രിക്കേഷനുകൾ | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| | | | ഇളക്കി മാറ്റി പഞ്ചായത്ത് ആഫീസിൽ എത്തിച്ചത്. | |

പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീയതി 30.102023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടിയുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ

തൻ വർഷം നികുതി നിർണ്ണയം നടത്തിയിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതയുള്ളതായി കണ്ടു.

1. വസ്തു നികുതി കുറവായി നിർണ്ണയിച്ചു

സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ച്ചർ (പൂകളക്കാട്ടു കര്യാട്ട് ടവർ,യാത്രി നിവാസ്, മാമംഗലം, പാലാരിവട്ടം പി ഒ, 682025 എന്ന മേൽ വിലാസത്തിലുള്ള കമ്പിനിയുടെ ടവറുകളുടെ നികുതി (കെട്ടിട നമ്പർ - 4/410 A, 5/710A) നിർണ്ണയിച്ചപ്പോൾ ടവർ ബേസിന്റ മാത്രം വിസ്തീർണ്ണമായ 21.62 ചതുരശ്രമീറ്റർ Plinth Area കണക്കാക്കിയാണ് അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചത്. മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിന് കണക്കിലെടുക്കുന്ന ഭാഗങ്ങൾ സംബന്ധിച്ച് തദ്ദേശ ഭരണ വകുപ്പിന്റെ 26/02/2022 ലെ ആർ.ഡി.3/94/2020 നം. സർക്കുലർ പ്രകാരം മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ ടവറുകളുടെ നികുതി നിർണ്ണയിക്കുന്നതിന് ടവർ ബേസ് വിസ്തീർണ്ണം, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ കണക്കിലെടുക്കേണ്ടതാണ്.

ടവറിന്റെ നികുതി നിർണ്ണയ ഫയലിൽ കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ Area എന്നത് ODC – 2.92ചതുരശ്ര മീറ്റർ, D.G – 3.75 ചതുരശ്ര മീറ്റർ, Tower Base- 21.62 ചതുരശ്ര മീറ്റർ എന്നിവയുൾപ്പടെ 28.29ചതുരശ്ര മീറ്റർ ആണ്. എന്നാൽ ടവർ ബേസ് വിസ്തീർണ്ണം മാത്രമാണ് നികുതി നിർണ്ണയത്തിന് പരിഗണിച്ചത്. അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത ചുവടെ ചേർക്കുന്നു.

| നികുതി | പ്ലിന്ത് ഏരിയ | നികുതി നിരക്ക് | അടിസ്ഥാന നികുതി |
|---|---|---|---|
| നിർണ്ണയിച്ച നികുതി | 21.6 $M^2$ | Rs.500/ $M^2$ | 21.62X500 = 10810 |
| നിർണ്ണയിക്കേണ്ടത് | 28.29 $M^2$ | Rs.500/ $M^2$ | 28.29X500 = 14145 |

രണ്ട് ടവറുകളുടേയും അടിസ്ഥാന വസ്തുനികുതി 3335/- രൂപ കുറവായാണ് നിർണ്ണയിച്ചത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 29/01.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടവറുകളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2. കംപ്ളീഷൻ സർട്ടിഫിക്കറ്റ് പ്രകാരമല്ലാതെ വസ്തു നികുതി നിർണ്ണയിച്ചു.

മേൽ ടവറുകളിൽ 4/410 A നമ്പരിലുള്ള ടവറിന്റെ നിർമ്മാണം 02.12.2018 തീയതിയിൽ പൂർത്തീകരിച്ചിട്ടുള്ളതായി ഉടമ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ കെട്ടിടത്തിന്റെ വസ്തു നികുതി 2022 ഒന്നാം അർദ്ധവർഷം മുതൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 29/01.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിന്റെ നികുതി 2018 രണ്ടാം അർദ്ധ വർഷം മുതൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടവറുകളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കാത്ത പക്ഷം കുറവായി ഈടാക്കിയ തുക ചാർജ്ജ് നടപടികൾക്ക് വിധേയമാക്കുന്നതാണ്.

## 1-20 യോഗ പരിശീലനം-അറ്റൻഡൻസ് പരിഗണിക്കാതെ പ്രതിഫലം നൽകി

പ്രോജക്ട് നം. 368/22-23

ചെലവ് തുക – 140000 (വികസനഫണ്ട് -ജനറൽ)

ബിൽ നം.80290/16.03.23 തുക 140000 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ

ആത്മസംസ്കരണത്തിനുള്ള സമഗ്രവും, ആത്മീയവും, പ്രായോഗികവുമായ പരിശീലന പദ്ധതിയാണ് 2022-23 ൽ ആവിഷ്ക്കരിച്ച യോഗ പരിശീലന പദ്ധതിയിലൂടെ പഞ്ചായത്ത് വിഭാവനം ചെയ്തത്.

അർഹരായ അഞ്ച് പരിശീലകരെയാണ് പഞ്ചായത്ത് യോഗ പരിശീലനത്തിന് തെരഞ്ഞെടുത്തത്. ഒരു ദിവസത്തെ യോഗ പരിശീലനത്തിന് 400 രൂപ എന്ന് സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള പ്രതിഫലമാണ് നൽകിയത്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പ്രതിഫലത്തുക നൽകുന്നതിന് അടിസ്ഥാനമാക്കുന്ന രേഖയാണ് ഹാജർ ബുക്ക്. പരിശീലകരുടെ ഹാജർ ബുക്ക് പരിശോധിച്ചതിൽ പരിശീലനം നൽകിയ ദിവസങ്ങൾ പരിഗണിക്കാതെ പരിശീലകർക്ക് പ്രതിഫലം നൽകിയതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പരിശീലകന്റെ പേര് | ഹാജരായ ദിവസങ്ങൾ (ഹാജർബുക്ക് പ്രകാരം) | പരിശീലനം ലഭിച്ച ഗുണഭോക്താക്കളുടെ ശരാശരി എണ്ണം | നൽകേണ്ട പ്രതിഫലം | നൽകിയ പ്രതിഫലം | അധികം നൽകിയത് | കുറവ് നൽകിയത് |
|---|---|---|---|---|---|---|
| സ്മിത എസ്. നായർ | 38 | 19 | 15200 | 20000 | 4800 | |
| രാജശ്രീ | 37 | 18 | 14800 | 20000 | 5200 | |
| വിജയമോഹനൻ | 44 | 13 | 17600 | 20000 | 2400 | |
| സ്മിത വിനയ ചന്ദ്രൻ | 40 | 27 | 16000 | 14800 | - | 1200 |

2023 മാർച്ച് മാസം വരെ പരിശീലന ദിവസങ്ങൾ നീട്ടിയെങ്കിലും, ജനുവരി വരെ മാത്രമേ മെഡിക്കൽ ഓഫീസർ ഹാജർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ. പരിശീലകർ 5 പേരുണ്ടായിരുന്നുവെങ്കിലും യോഗ പരിശീലിച്ചവർ അറ്റൻഡൻസ് രേഖപ്പെടുത്തിയ ബുക്കുകളിൽ പരിശീലകരുടെ പേരോ പരിശീലന സ്ഥലമോ രേഖപ്പെടുത്താത്തവയുണ്ട്. യോഗാ പരിശീലനത്തിന്റെ സമാപന ചടങ്ങിന്റെ ചെലവിനത്തിൽ 5700 രൂപ കുടുംബശ്രീ അംഗത്തിന്റെ അപേക്ഷാ വൗച്ചറിന്റെ അടിസ്ഥാനത്തിൽ ചെലവിട്ടിട്ടുണ്ടെങ്കിലും ചടങ്ങിന്റെ മിനിട്ട്സ്, ഹാജർ, നോട്ടീസ് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി പ്രോജക്ട് നിർവഹണം നടത്തി വന്ന മെഡിക്കൽ ഓഫീസർ സ്ഥലം മാറി പോകുകയും മറ്റൊരാൾ അധിക ചുമതലയേൽക്കുകയും ചെയ്തിരുന്നു എന്ന്, പരിശീലകരുടെ അറ്റൻഡൻസിനെയും, സമാപന ചടങ്ങിന്റെ ചെലവിനെയും സാധൂകരിക്കുന്ന ആരോഗ്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റെ സാക്ഷ്യപത്രം സഹിതം അറിയിച്ചു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ഇക്കാര്യങ്ങളിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-21 കോട്ട കുടിവെള്ള പദ്ധതി- ഫലപ്രാപ്തിയിലെത്താത്ത പദ്ധതി

കോട്ട കുടിവെള്ള പദ്ധതി എന്ന പ്രോജക്ടുമായി (പ്രോജക്ട് നം-472/23) ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 2000000 രൂപ 07-03-2023- ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, പത്തനംതിട്ട – യുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള 27-02-2023- ലെ 2970000 രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. കുളം നിർമ്മാണം, പമ്പ് ഹൗസിന്റെ നിർമ്മാണം, ടാങ്ക് സ്ഥാപിക്കൽ, പൈപ്പ് ലൈൻ ഇടൽ എന്നിവ ഉൾപ്പെട്ടതായിരുന്നു എസ്റ്റിമേറ്റ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുമായുള്ള 26-04-2023- ലെ എഗ്രിമെന്റ് നം- 01/2023-24 പ്രകാരം 2023 ഏപ്രിൽ മാസം 27-ാം തീയതി പ്രവൃത്തി ആരംഭിച്ച് 2023 സെപ്റ്റംബർ മാസം 30-ാംതീയതിക്കകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. 2970000 രൂപയുടെ എസ്റ്റിമേറ്റിൽ 2000000 രൂപ 2022-23 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് ചെയ്യുകയും ബാക്കി തുകയായ 970000 രൂപ 2021-22 വർഷം ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ക്രമീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

പ്രസ്തുത പദ്ധതി നിർവ്വഹണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/23)ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി ടെണ്ടർ ചെയ്തതായാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത പ്രവൃത്തിക്കായി ടാങ്ക് നിർമ്മിച്ചിക്കുന്ന സ്ഥലം വരെ ജലജീവൻ മിഷൻ പദ്ധയിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതിക്കായി പൈപ്പ് ലൈൻ സ്ഥാപിച്ചതായി കാണാൻ കഴിഞ്ഞു. ജലജീവൻ മിഷൻ പദ്ധതി പ്രകാരം പ്രദേശത്ത് കുടിവെള്ളം ലഭ്യമാകുന്ന സാഹചര്യമാണെങ്കിൽ സമാന്തരമായി മറ്റൊരു പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും പുനർചിന്തനം ആവശ്യമാണ്.

ഗ്രാമപഞ്ചായത്തിൽ നിന്നും 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഒരു പദ്ധതിയാണ് കോട്ട കുടിവെള്ള പദ്ധതി. പ്രസ്തുത പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് 948064 രൂപയായിരുന്നു അന്ന് ചെലവിട്ടത്. ഇപ്പോൾ ടാങ്ക് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് തന്നെയാണ് മുൻപ് ടാങ്ക് സ്ഥാപിച്ചിരുന്നത്. പ്രസ്തുത പദ്ധതിക്കായി കുളം നിർമ്മിക്കുകയും പൈപ്പ് ലൈൻ ഇട്ട് പൊതു ജനങ്ങൾക്ക് വെള്ളം എത്തിക്കുകയും ചെയ്തിരുന്നു. എന്നാൽ കുളത്തിലെ വെള്ളം ഓര്

വെള്ളമായതിനാൽ ജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാതെ വരികയും പൈപ്പ് , ടാങ്ക് എന്നിവ ഉപയോഗ ശൂന്യമാവുകയും ചെയ്തതായാണ് ഭൗതിക പരിശോധനയിൽ ഓഡിറ്റിന് ബോധ്യപ്പെട്ടത്. പഴയ കുളത്തിന് സമീപം തന്നെയാണ് പുതിയതായി കുളം നിർമ്മാണത്തിനായി വാട്ടർ അതോറിറ്റി കണ്ടെത്തിയിരിക്കുന്ന സ്ഥലം. ആയതിനാൽ പദ്ധതിയുടെ ഫലപ്രാപ്തി സംശയത്തിലാണ്. മുൻപ് പദ്ധതി പരാജയപ്പെട്ട സാഹചര്യത്തിൽ വീണ്ടും ഒരു കുളം പ്രസ്തുത പ്രദേശത്ത് അനുയോജ്യമാണോയെന്നത് സംബന്ധിച്ച് ഒരു പഠനം ഉണ്ടായിട്ടില്ലായെന്നതും ഗുരുതരമായ അപാകതയാണ്.

പദ്ധതിയുടെ ഭാഗമായി കുളം നിർമ്മാണം, ടാങ്ക് നിർമ്മാണം എന്നിവക്കായി കണ്ടെത്തിയിരിക്കുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ല. പ്രസ്തുത സ്ഥലങ്ങൾ ഗ്രാമപഞ്ചായത്തിന് പഴയ പദ്ധതിക്കായി പൊതുജനങ്ങൾ വിട്ടുനൽകിയതായിരുന്നു. എന്നാൽ ഈ സ്ഥലങ്ങൾ പ്രമാണം ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നാണ് അന്വേഷണത്തിൽ മനസ്സിലായിട്ടുള്ളത്. പദ്ധതിയുടെ ഫലപ്രാപ്തിയെക്കുറിച്ച് പൂർണ്ണ ബോധ്യം ഇല്ലാത്തതിനാലും ജലജീവൻ മിഷൻ പദ്ധതി പ്രകാരം പ്രസ്തുത പ്രദേശത്ത് കുടിവെള്ളം ലഭ്യമാകുന്ന സാഹചര്യം ഉള്ളതിനാലും വാട്ടർ അതോറിറ്റിയിൽ ഒരു പുതിയ പദ്ധതിക്കായി തുക ഡെപ്പോസിറ്റ് ചെയ്ത നടപടി ഒഴിവാക്കേണ്ടതായിരുന്നു. ടി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതി ഗൗരവമായി ചർച്ച ചെയ്യേണ്ടതും ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സ്കൂളിനായി തുക ചെലവഴിച്ചു

മാനസിക വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായിട്ടാണ് ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയത്. ആയതിന്റെ ഭാഗമായി അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22, 2022-23 വർഷങ്ങളിലായി 450000 രൂപ ചെലവിട്ട് കെട്ടിടം ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിരുന്നു. നിലവിൽ പ്രവർത്തിക്കുന്ന അംഗനവാടിയോട് ചേർന്നാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഒരു ഹാൾ, ബാത്ത് റൂം, അടുക്കള, സിറ്റൗട്ട് എന്നിവ ഉൾപ്പെട്ട ഒരു കെട്ടിടമാണ് ബഡ്സ് സ്കൂളിനായി നിർമ്മിച്ചത്. എന്നാൽ നിലവിലും ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 37511 രൂപയുടെ ഫർണ്ണീച്ചറുകളും ബഡ്സ് സ്കൂളിനായി വാങ്ങിയിരുന്നു. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കെട്ടിടം പുതിയതായി നിർമ്മിച്ചതാണെങ്കിലും കെട്ടിടം ചോർന്ന് തുടങ്ങിയിരിക്കുന്നതായി കണ്ടു. മേൽക്കൂരയുടെ ചോർച്ച പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഫർണ്ണീച്ചറുകൾ സൂക്ഷിച്ചിരിക്കുന്നത് ഈ കെട്ടിടത്തിനകത്താണ്. ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് വിനിയോഗിച്ച തുക പാഴായി പോകുന്ന അവസ്ഥയാണുള്ളത്. കെട്ടിടവും ഫർണ്ണീച്ചറുകളും ലഭ്യമായ സാഹചര്യത്തിൽ മാനസിക വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി ബഡ്സ് സ്കൂൾ അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-23 വാട്ടർ ടാങ്ക് സ്ഥാപിക്കൽ- വികസന ഫണ്ട് അധികമായി വിനിയോഗിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | പി.വി.സി വാട്ടർ ടാങ്ക് സ്ഥാപിക്കൽ (299/23) |
| വകയിരുത്തിയ തുക | വികസന ഫണ്ട്- 198000<br>ഗുണഭോക്തൃ വിഹിതം - 66000<br>ആകെ - 264000 |
| ചെലവ് തുക | 181500 – ബിൽ നം.13 തീയതി 27-03-2023 (വികസന ഫണ്ട്)<br>48840- ചെക്ക് നമ്പർ- 64025 തീയതി 15-03-2023 (ഗുണഭോക്തൃ വിഹിതം)<br>ആകെ - 230340 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

പ്രോജക്ട് പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ട 66 ഗുണഭോക്താക്കൾക്കാണ് വാട്ടർടാങ്ക് വാങ്ങി നൽകിയത്. ജെം പർച്ചെയ്സ് മുഖേന വിക്ടോറിയ പോളിഫോം, അരിമ്പൂർ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ

നടത്തിയിരിക്കുന്നത്. ടാങ്ക് വാങ്ങിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നമ്പരും തീയതിയും | എണ്ണം | യൂണിറ്റ് നിരക്ക് (ജി.എസ്.ടി ഉൾപ്പെടെ) | ആകെ |
|---|---|---|---|---|
| 1 | VPB/2223/1617 Dtd 21-02-2023 | 45 | 3490 | 157050 |
| 2 | VPB/2223/1618 Dtd 21-02-2023 | 21 | 3490 | 73290 |
| | ആകെ | 66 | 3490 | 230340 |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 115/2022/ത.സ്വ.ഭ.വ തീയതി 28-05-2022) പ്രകാരം പി.വി.സി വാട്ടർ ടാങ്ക് (500 ലിറ്റർ) സ്ഥാപിക്കുന്നതിനായി പട്ടികജാതി വിഭാഗങ്ങൾക്ക് യൂണിറ്റ് നിരക്കിന്റെ 75% തുകയാണ് സബ്സിഡിയായി നൽകാൻ കഴിയുന്നത്. ഇത് പ്രകാരം 66 വാട്ടർ ടാങ്കുകളുടെ ആകെ തുകയായ 230340 രൂപയുടെ 75% തുകയായ 172755 രൂപയാണ് സബ്സിഡി ഇനത്തിൽ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാൻ കഴിയുന്നത്. എന്നാൽ ഇവിടെ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്ന തുക 181500 രൂപയാണ്. 8745 രൂപ വികസന ഫണ്ടിൽ നിന്നും അധികമായി വിനിയോഗിച്ചു. പ്രസ്തുത അപാകതകൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.11/23 തീയതി 25-10-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 8745 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-24 ജില്ലാതല യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള നിരക്ക് നൽകിയത് മൂലം - അധിക ചെലവ്

| | |
|---|---|
| പ്രോ.നം, പ്രോജക്ടിന്റെ പേര് | 230/22-23 ജാതിത്തൈ വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവഴിച്ച തുക, ഫണ്ടിനം | വികസന ഫണ്ട് - 80325<br>49875, 353/24/02/2023<br>30450, 422/ 13/03/2023 |
| | ഗുണ.വിഹിതം - 26775 |

ജാതി തൈ വാങ്ങുന്നതിന് ജില്ലാതല യൂണിറ്റ് കോസ്റ്റിലും കൂടുതൽ നിരക്കിൽ തുക നൽകിയതിനാൽ വികസന ഫണ്ട് ഇനത്തിലും ഗുണഭോക്തൃ വിഹിതം ഇനത്തിലും അധികം തുക ചെലവഴിച്ചു.

ജാതി തൈ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ട് ചെലവിന്റെ 75% തുക പദ്ധതി വിഹിതവും 25% തുക ഗുണഭോക്തൃവിഹിതവുമായാണ് പ്രോജക്ടിൽ വകയിരുത്തിയിരുന്നത്. ജാതി തൈയുടെ ജില്ലാതല യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളത് 250 രൂപയാണ്. എന്നാൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും തൈ ഒന്നിന് 350 രൂപ നിരക്കിലാണ് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്. കൂടിയ നിരക്കിൽ 306 തൈകൾ വാങ്ങിയതിനാൽ വികസന ഫണ്ട്, ഗുണ.വിഹിതം ഇനത്തിൽ അധികം തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | നൽകിയ തുക | നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|
| വികസന ഫണ്ട് | (306X350)X75% = 80325 | (306X250)X75% = 57375 | 22950 |
| ഗുണ.വിഹിതം | (306X350)X25%= 26775 | (306X250)X25% = 19125 | 7650 |

വികസന ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 22950 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-25 എച്ച്.എം.സി കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ആറന്മുള ഹോമിയോ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ നാളിതു വരെയുള്ള വർഷങ്ങളിലെ വരവു ചെലവുകണക്കുകൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 2017-18 വർഷം മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചെങ്കിലും വരവു ചെലവു കണക്കുകൾ നാളിതുവരെ ഓഡിറ്റിനായി സമർപ്പിച്ചിട്ടില്ല. കുടിശ്ശികയുള്ള വർഷങ്ങളിലെ കണക്കുകൾ അടിയന്തിരമായി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. മാനേജിംഗ് കമ്മിറ്റി ചെയർ പേഴ്സൺ, മെമ്പർ സെക്രട്ടറി

എന്നിവരുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-26 മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | 27/2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽഓഫീസർ (അലോപ്പതി) |
| ചെലവ് | 100000 |
| ഫണ്ട് | റോഡിതരം |
| ബിൽ റഫറൻസ് നം., തീയതി | 22070252013400846105, 30/11/2022 |

ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങുന്നതിനായി ഹോംകോയുടെ എസ് ബി ഐ ആലപ്പുഴയിലുള്ള (A/c No-34306403911) അക്കൗണ്ടിലേക്ക് 100000 രൂപ മേൽ പരാമർശിച്ച ബിൽ പ്രകാരം നൽകിയിരുന്നു. 52123 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് (PRF No. LF 1196/02.09.2023). 47877 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ഹോമിയോ ആശുപത്രിയുടെ വൈദ്യുതചാർജ് കൊമേഴ്സ്യൽ താരിഫിൽ ഈടാക്കുന്നു

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിക്ക് (കൺസ്യൂമർ നമ്പർ 1155350011569)കൊമേഴ്സ്യൽ താരിഫ് നിരക്കായ LT 7A യിലാണ് വൈദ്യുത ചാർജ് ഈടാക്കി വരുന്നത്. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈദ്യുത ചാർജ് LT 6A താരിഫ് നിരക്കിലാണ് ഈടാക്കേണ്ടത്. താരിഫ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-28 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത് അനിവാര്യം. ഗ്രാമപ്പഞ്ചായത്തിൽ 39 അങ്കണവാടികൾ ഉള്ളതിൽ 24 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ അങ്കണവാടികളുടേയും ഭൗതിക സാഹചര്യവും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു.

പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖപ്രകാരം എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്നും അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹ്ദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപ്പഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് മതിയായ പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ല. അപകടകരമായ സാഹചര്യം നിലനിൽക്കുന്നയിടങ്ങളിൽപ്പോലും പഞ്ചായത്തിന്റെ പരിഗണന ഉണ്ടാകുന്നില്ല. കുറിച്ചിമുട്ടം (39 -ാം നമ്പർ) അങ്കണവാടിയ്ക്ക് ചുറ്റുമതിൽ ഇല്ല. കെട്ടിടത്തോടു ചേർന്ന് താഴ്ചയിൽ തോട് ഒഴുകുന്നുണ്ട്. മൂന്നു മുതൽ ആറ് വയസ്സ് വരെ പ്രായമുള്ള കുട്ടികൾ പഠിക്കുന്ന അങ്കണവാടിയിൽ കുട്ടികളുടെ സുരക്ഷയെ ബാധിക്കുന്ന രീതിയിലുള്ള സാഹചര്യം ആണ് നിലനിൽക്കുന്നത്. എന്നാൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പ്രോജക്ട് നടപ്പിലാക്കുകയോ ആവിഷ്കരിക്കുകയോ ചെയ്തിട്ടില്ല.



പ്രസ്തുത വിഷയം എക്സിറ്റ് കോൺഫറൻസിൽ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പ്രോജക്ട് ആവിഷ്കരിക്കുന്നതാണെന്ന് പ്രസിഡന്റ് അറിയിച്ചു.

അനുപൂരക പോഷകാരത്തിനുള്ള കേന്ദ്രവിഹിതം ഇനത്തിൽ ലഭ്യമായ തുകയിൽ 14.79 ലക്ഷം രൂപ 31.03.2023ൽ

പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. പോഷകാഹാര പരിപാടിക്കു വിനിയോഗിച്ചതിൽ ബാക്കിയുള്ള തുക അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

മേൽ വിഷയം തുടർ നടപടികൾക്കായി ക്ഷേമകാര്യ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 സാന്ത്വന പരിചരണം പദ്ധതി - നിർവഹണത്തിൽ അപാകത.

പ്രോജക്റ്റ് നം. 43/22-23

ചെലവ് തുക 993090 രൂപ

അവശരായവർക്കും രോഗികൾക്കും സാന്ത്വനമേകുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സി.എച്ച്.സി, മെഡിക്കൽ ഓഫീസറുടെ നിർവഹണച്ചുമതലയിലാണ് ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവഹണം സംബന്ധിച്ച പരിശോധന പ്രകാരം കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സർക്കാർ ഉത്തരവ് നം.553/2019/ത.സ്വ.ഭ.വ തീയതി. 07.03.19 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ നിർദേശമനുസരിച്ച് പാലിയേറ്റീവ് കെയർ ടീം ഓരോ മാസവും മിനിമം 16 ദിവസം ഹോം വിസിറ്റ് നടത്തേണ്ടതാണ്. എന്നാൽ ചില മാസങ്ങളിൽ 16 ദിവസത്തിൽ താഴെയാണ് ഹോം വിസിറ്റ് നടത്തിയിട്ടുള്ളത്. പരമാവധി എല്ലാ രോഗികളും പരിഗണനയിൽ വരത്തക്ക വിധം മാസം 16 ദിവസവും ആവശ്യമെങ്കിൽ കൂടുതൽ ദിവസങ്ങളിലും ഹോം വിസിറ്റ് നടത്താവുന്നതാണ്.

പാലിയേറ്റീവ്കെയർ ടീമംഗങ്ങളുടെ ഉച്ചഭക്ഷണത്തിന്റെ ചെലവ്, റിഫ്രഷ്മെന്റ് ചെലവ് എന്നിവ പാലിയേറ്റിവ് നഴ്സിന്റെ അക്കൗണ്ടിലേക്കും, ഇന്ധന ചെലവ് ഡ്രൈവറുടെ അക്കൗണ്ടിലേക്കും ട്രാൻസ്ഫർ ചെയ്യുന്നതായി കണ്ടു. ടി ജീവനക്കാർ തുക ചെലവഴിച്ച ശേഷം ബിൽ മാറുമ്പോൾ അതാത് ജീവനക്കാരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ് നിലവിലെ രീതി. എന്നാൽ സർക്കാർ ഉത്തരവ് നം. 147/2017/ധന തീ.16.11.17 പ്രകാരം യഥാർത്ഥ ബെനിഫിഷ്യറിയ്ക്കാണ് ബിൽ തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. സുതാര്യത ഉറപ്പാക്കുന്നതിനായി, ഭക്ഷണ ചെലവിന്റെ തുക ഹോട്ടലിന്റെ അക്കൗണ്ടിലേക്കും, ഇന്ധനചെലവ് തുക ഇന്ധനം ലഭ്യമാക്കുന്ന പെട്രോൾ പമ്പിന്റെ അക്കൗണ്ടിലേക്കും ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥനും, പഞ്ചായത്തും ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (സാധാ )നം.1373/22/LSGD തീ.03.06.22 പ്രകാരം പാലിയേറ്റീവ് നഴ്സസിന്റെ വേതനം 01.02.21 പ്രാബല്യത്തിൽ 18390 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പി.എം.സി മീറ്റിംഗുകളിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ടെങ്കിലും തൻവർഷം വർദ്ധിപ്പിച്ച വേതനം നൽകിയതായി കണ്ടില്ല. നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് 30/01.11.23 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-30 ലൈബ്രറി സെസ് അടവാക്കിയില്ല

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതിയോടൊപ്പം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30- നകവും രണ്ടാം ഗഡു നവംബർ 30- നകവും അടവാക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നമ്പർ.10088/എൽ 3/05/ത.സ്വ.ഭ.വ തീയതി 20-09-2015 പ്രകാരം സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി-9 പ്രകാരം 394064 രൂപ ലൈബ്രറി സെസ് ഇനത്തിൽ ബാധ്യതയായി കാണിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക നിലവിലും അടവാക്കിയിട്ടില്ല. 2021-22 വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ അടവാക്കാൻ ബാക്കിയുണ്ടായിരുന്ന 143445 രൂപ രൂപ ചെക്ക് നമ്പർ 626973 തീയതി 17-05-2022 പ്രകാരം അടവാക്കിയിരുന്നു. ലൈബ്രറി സെസ് ഇനത്തിൽ 2022-23 സാമ്പത്തിക വർഷം പിരിച്ചെടുത്ത 394064രൂപ നിലവിലും അടവാക്കിയിട്ടില്ല. പ്രസ്തുത തുക അടിയന്തിരമായി അടവാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-31 മെയിന്റനൻസ് ഫണ്ട്- 1.65 കോടി രൂപ നഷ്ടപ്പെടുത്തി

മെയിന്റനൻസ് ഫണ്ട് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി 2022-23 സാമ്പത്തിക വർഷം 1.65 കോടി രൂപ നഷ്ടപ്പെടുത്തി. ലഭിച്ച ഫണ്ടിന്റെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ലഭിച്ച | ചെലവഴിച്ച | ചെലവ് | നഷ്ടമായ |
|---|---|---|---|---|

| | തുക | തുക | ശതമാനം | തുക |
|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 5824000 | 2762890 | 47.44% | 3061110 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 23931000 | 10487004 | 43.82% | 13443996 |
| ആകെ | 29755000 | 13249894 | 44.53% | 16505106 |

മെയിന്റനൻസ് ഗ്രാന്റ് - റോഡ് വിഭാഗത്തിൽ ആകെ 96 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 47 പ്രോജക്ടുകളിലാണ് ചെലവുണ്ടായത്. മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് വിഭാഗത്തിൽ ആകെ 23 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 18 പ്രോജക്ടുകളിലാണ് ചെലവുണ്ടായത്. അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തുക വകയിരുത്തിയ നിർമ്മാണ മേഖലയിലെ പ്രോജക്ടുകളിലാണ് റോഡ് വിഭാഗത്തിൽ തുക ചെലവഴിക്കാതെ പോയിട്ടുള്ളത്. 2022 ഡിസംബറിന് മുമ്പായി മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി സർക്കാർ ഗ്രാന്റ് പൂർണ്ണമായും ലഭിച്ചിരുന്നു. ഇപ്രകാരം തുക പൂർണ്ണമായും ലഭിച്ചുവെങ്കിലും വെറും 44.53% മാത്രമാണ് മെയിന്റനൻസ് വിഭാഗത്തിലെ ചെലവ്. പദ്ധതി ചെലവ് 80%- ത്തിൽ താഴെയായതിനാൽ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തുക ക്യാരി ഓവർ ചെയ്ത് കിട്ടുകയില്ല. തന്മൂലം പ്രോജക്ടുകൾ സ്പിൽ ഓവറാക്കിയാലും ചെലവിനാവശ്യമായ തുക തൻവർഷത്തെ പദ്ധതി തുകയിൽ നിന്നും കണ്ടെത്തണം. ഇത് തൻ വർഷത്തെ പദ്ധതി നിർവ്വഹണത്തെ ഗുരുതരമായി ബാധിക്കും.

പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് തുക ചെലവഴിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടതുണ്ട്. അല്ലാത്തപക്ഷം ഇപ്രകാരം വലിയ തോതിൽ ഓരോ വർഷവും ഫണ്ട് ലാപ്സാകുന്നതിന് കാരണമാകും. പ്രസ്തുത വിഷയം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ സത്വര ശ്രദ്ധക്കായി സമർപ്പിക്കുന്നു.

## 1-32 നിലവിലില്ലാത്ത തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് - ലക്ഷങ്ങൾ ഗ്രാമപഞ്ചായത്തിന് നഷ്ടം

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കൺസ്യൂമർ നമ്പർ- 1155354000959 -പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ് ഇനത്തിൽ ശരാശരി 150000 രൂപ മാസം തോറും അടവാക്കുന്നുണ്ട്. ടി കൺസ്യൂമർ നമ്പർ പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റുകൾ മീറ്റേർഡ് അല്ല. പ്രസ്തുത കൺസ്യൂമർ നമ്പർ പ്രകാരം കറന്റ് ചാർജ്ജ് അടവാക്കുന്നതിന്റെ വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ് (കെ.എസ്.ഇ.ബി- യിൽ നിന്നും ലഭ്യമായത്)

| വിളക്കുകളുടെ തരം | എണ്ണം | നിരക്ക് | പ്രതിമാസ താരിഫ് |
|---|---|---|---|
| ഓർഡിനറി ബൾബ്- 60w | 183 | 121 | 22143 |
| ഓർഡിനറി ബൾബ്- 40w | 1340 | 79 | 105860 |
| ഓർഡിനറി ബൾബ്- 100w | 9 | 199 | 1791 |
| സി.എഫ്.എൽ യൂണിറ്റ് | 1022 | 19 | 19418 |
| എൽ.ഇ.ഡി | 124 | 24 | 2976 |
| മെർക്കുറി വേപ്പർ ലാമ്പ് | 2 | 170 | 340 |
| | | **ആകെ** | **152528** |

ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ 5 വർഷത്തെ പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ല. ആയതിനാൽ നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്കാണ് കറന്റ് ചാർജ്ജ് അടവാക്കുന്നതെന്ന് വ്യക്തമാണ്. പ്രസ്തുത വിഷയത്തിൽ ആവശ്യമായ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം. 28 തീയതി 01-11-2023) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2022-23 സാമ്പത്തിക വർഷം 15.53 ലക്ഷം രൂപയാണ് അൺമീറ്റേർഡ് കൺസ്യൂമർ നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് കറന്റ് ചാർജ്ജ് അടവാക്കിയത്. നിലവിലില്ലാത്ത തെരുവ് വിളക്കുകൾക്ക് കറന്റ് ചാർജ്ജ് അടവാക്കുന്നത് യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം തന്നെയാണ്.

പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സമഗ്രമായി ഇടപെടേണ്ടതുണ്ട്. നിലവില്ലാത്ത തെരുവ് വിളക്കുകൾ താരിഫിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മീറ്ററിംഗിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-33 എസ്.സി പെൺകുട്ടികളുടെ വിവാഹധനസഹായം - പദ്ധതി നടത്തിപ്പിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | എസ്.സി പെൺകുട്ടികളുടെ വിവാഹധനസഹായം (303/23) |
| വകയിരുത്തിയ തുക | 850000 |
| ചെലവ് തുക | 850000 |
| ബിൽ നമ്പരും തീയതിയും | 250000 – ബിൽ നം.1 തീയതി 30-11-2022<br>200000 – ബിൽ നം.5 തീയതി 12-01-2023<br>325000 – ബിൽ നം.11തീയതി 17-02-2023<br>75000 – ബിൽ നം.12തീയതി 25-02-2023<br>ആകെ - 850000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

പ്രോജക്ട് പ്രകാരം എസ്.സി വിഭാഗത്തിൽപ്പെട്ട എട്ട് പെൺകുട്ടികളുടെ വിവാഹത്തിനാണ് ധനസഹായം നൽകിയത്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സന്ധ്യാഗോപി, D/O ഗോപി.എം.പി, മലയുടെ ചരുവിൽ, ഇടശ്ശേരിമല എന്ന ഗുണഭോക്താവിന് 125000 രൂപ വിവാഹധനസഹായമായി നൽകിയിരുന്നു. എന്നാൽ പട്ടികജാതി വകുപ്പിൽ നിന്നും വിവാഹധനസഹായം ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രമില്ലാതെയാണ് തുക നൽകിയിട്ടുള്ളത്. പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
2) പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ (കൈ) നം. 115/2022/ത.സ്വ.ഭ.വ തീയതി 28-05-2022) പ്രകാരം വിവാഹത്തിന് 15 ദിവസം മുൻപോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് ജില്ലാ കളക്ടർമാരാണ് അനുമതി നൽകേണ്ടത്. എന്നാൽ കാലപരിധിക്കകം അപേക്ഷിക്കാത്ത രണ്ട് ഗുണഭോക്താക്കൾക്ക് മാർഗ്ഗരേഖയിലെ വ്യവസ്ഥ പ്രകാരം ജില്ലാ കളക്ടറിൽ നിന്നും അനുമതി വാങ്ങാതെ ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | വിവാഹ തീയതി | അപേക്ഷ സമർപ്പിച്ച തീയതി | നൽകിയ തുക |
|---|---|---|---|---|
| 1 | സുനിത.വി.ജെ<br>D/O അനിയൻ<br>വരിക്കപ്ലാമൂട്ടിൽ<br>ഇടയാറന്മുള | 18-04-2022 | 21-12-2022 | 75000 |
| 2 | സ്നേഹ സോമൻ<br>D/O സോമൻ.കെ.കെ<br>കുറ്റിയിൽ , വല്ലന | 27-03-2022 | 04-02-2023 | 75000 |

പ്രസ്തുത അപാകതകൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.12/23 തീയതി 25-10-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ ഗുണഭോക്താക്കൾക്ക് തുക നൽകിയ സാഹചര്യത്തിൽ ചെലവ് തുകയായ 150000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയിൽ 2016-17 മുതലുള്ള നിക്ഷേപ തുകകൾ റീഫണ്ട് ചെയ്യുകയോ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽകൂട്ടുകയോ ചെയ്യാതെ അവശേഷിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6),2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 79 എന്നിവ പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിലെ 88 നിക്ഷേപങ്ങളിലായി ഇപ്രകാരം 561189 രൂപയാണ് തനത് ഫണ്ട് അക്കൗണ്ടിലേക്ക് റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | തുക |
|---|---|---|
| 2016-17 | 26 | 106175 |
| 2017-18 | 9 | 47100 |

| | | |
|---|---|---|
| 2018-19 | 17 | 194141 |
| 2019-20 | 36 | 213773 |
| **ആകെ** | **88** | **561189** |

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ അനുസരിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ 3 വർഷ കാലാവധി തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ പാലിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു.

ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഡെപ്പോസിറ്റ് തുകകൾ 2023-24 വർഷത്തേക്ക് ക്യാരി ഓവർ ചെയ്തിട്ടുണ്ടെങ്കിലും വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ ഭരണസമിതി തീരുമാനമെടുത്ത് പൂർണ്ണമായി തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-35 പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു; സർക്കാർ ഖജനാവിന് 992600 രൂപ നഷ്ടം

മരണമടഞ്ഞ 33 ക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്ക് അവരുടെ മരണശേഷവും പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. ക്ഷേമ പെൻഷൻ വിതരണത്തിനുള്ള വെബ് പോർട്ടലായ സേവന പെൻഷനിലും, ജനന മരണ രജിസ്ട്രേഷനുകൾക്കുള്ള വെബ് പോർട്ടലായ സേവന സിവിൽ രജിസ്ട്രേഷനിലും ലഭ്യമായ ഡാറ്റകൾ ഒത്തുനോക്കി പരിശോധിച്ചതിലാണ് മരണപ്പെട്ടവർക്കും ക്ഷേമ പെൻഷൻ വിതരണം ചെയ്യപ്പെട്ടതായി വ്യക്തമായത്.

പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽതന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയും ആണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് (സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). ഓഡിറ്റ് നടത്തിയ പരിശോധനയിൽ മരണപ്പെട്ട ചില പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ മാസങ്ങൾക്കുശേഷമോ, ചില സംഗതികളിൽ വർഷങ്ങൾക്കുശേഷമോ ആണ് സസ്പെന്റ് ചെയ്തിട്ടുള്ളതെന്ന് കണ്ടു. പരേതരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നതിലുണ്ടായിട്ടുള്ള വീഴ്ചമൂലം ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്യപ്പെടുകയും, അത് മരണപ്പെട്ടവരുടെ അനന്തരാവകാശികൾ കൈപ്പറ്റുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | പെൻഷൻ ID | മരണപ്പെട്ട തീയതി, മരണ രജിസ്ട്രേഷൻ നമ്പർ, തീയതി | ഗുണഭോക്താവിന്റെ മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക | അനർഹമായ കാലയളവ് |
|---|---|---|---|---|---|
| | **വാർദ്ധക്യകാല പെൻഷൻ** | | | | |
| 1 | പൊന്നമ്മ<br>6/661 , ആനംതിട്ട, ഇടയാറന്മുള-689532 | 104230202162 | 22/07/20<br>143/2020<br>13/08/20 | 8400 | 08/2020 -<br>02/2021 |
| 2 | രവീന്ദ്രൻ<br>9/553 , ബിന്ദു വിലാസം, വല്ലന, കോട്ട -689504 | 104230200631 | 17/09/20<br>188/2020<br>19/10/20 | 51900 | 10/2020<br>06/2023 |
| 3 | കരുണാകരന്പിള്ള,<br>3/40, ചാമക്കാലാ മലയിൽ, ഇടയാറന്മുള-689532 | 104230202474 | 19/12/19<br>25/2020<br>09/01/20 | 65700 | 01/2020<br>06/2023 |
| 4 | ഏലിയാമ്മ ജോർജ്ജ്<br>8/216 , ചെല്ലിയിൽ വീട്, നാല്ക്കാലിക്കൽ-689533 | 104230201642 | 27/07/20<br>142/2020<br>12/08/20 | 48800 | 08/2020 -<br>02/2023 |
| 5 | റ്റി.എം. വർഗ്ഗീസ്<br>12/457 , ചെമ്മങ്ങാട്ടിൽ, എരുമക്കാട്-689532 | 104230201808 | 09/12/20<br>228/2020<br>30/12/20 | 17300 | 01/2021<br>11/2021 |
| 6 | ഭവാനിയമ്മ<br>4/137, ചിറയ്ക്കാട്ടുമലയിൽ, | 104230200081 | 09/08/22<br>192/2022 | 16000 | 09/2022 -<br>06/2023 |

| | | | | | |
|---|---|---|---|---|---|
| | ഇടയാറന്മുള -689532 | | 25/08/22 | | |
| 7 | വിജയകുമാർ ആർ. 2/267, കടക്കേത്ത്, ആറന്മുള, മാലക്കര-689532 | 104230204449 | 09/06/22 143/2022 25/06/22 | 16000 | 07/2022 - 06/2023 |
| 8 | രാജു പി. 13/109, കല്ലുകാലായിൽ, വല്ലന, എരുമക്കാട്-689532 | 104230202997 | 30/11/21 7/2022 07/01/22 | 30400 | 12/2021 - 06/2023 |
| 9 | ചാക്കോ ചെറിയാൻ 8/483 , കൊച്ചുപുത്തൻ പുരയ്ക്കൽ, നാൽക്കാലിക്കൽ-689533 | 104230202520 | 22/07/22 177/2022 30/07/22 | 17600 | 08/2022 - 06/2023 |
| 10 | കെ.എം.തോമസ് 4/653 , കിഴക്കേചരുവിൽ, ഇടയാറന്മുള-689532 | 104230100615 | 22/08/21 831/2021 31/08/21 | 16000 | 09/2021 - 06/2022 |
| 11 | കെ.എം. തോമസ് 7/212, കുളമാപ്പോഴിയിൽ, ഇടശ്ശേരിമല, ആറന്മുള-689533 | 104230200628 | 22/05/20 304/2020 03/06/20 | 42200 | 06/2020 - 08/2022 |
| 12 | ശ്രീധരൻ നായർ 4/310, ലക്ഷ്മി ഭവൻ, ഇടയാറന്മുള -689532 | 104230202734 | 27/08/22 227/2022 26/09/22 | 16000 | 9/2022 - 06/2023 |
| 13 | ലക്ഷ്മണനാചാരി 12/456 , ലക്ഷ്മി വിലാസം എരുമക്കാട് പി ഒ വല്ലന കിടങ്ങന്നൂർ എരുമക്കാട്-689532 | 104230203557 | 09/05/22 126/2022 06/06/22 | 20800 | 06/2022 - 06/2023 |
| 14 | സുമതി 6/672 , മോടിയിൽ വീട്, ഇടയാറന്മുള-689532 | 104230201319 | 05/09/21 236/2021 06/10/21 | 33600 | 10/2021 - 06/2023 |
| 15 | ഭാസ്കരൻ 12/74 , ഒഴൂര് എരുമക്കാട് -689532 | 104230202510 | 23/07/22 239/2022 07/10/22 | 17600 | 08/2022 - 06/2023 |
| 16 | റ്റി.എസ്.വാസു 7/615 , തടീക്കമൂലയില് വീട് , ഇടശ്ശേരിമല, ആറന്മുള-689533 | 104230202174 | 08/06/21 165/2021 02/07/21 | 38400 | 07/2021 06/2023 |
| 17 | ഭാരതിയമ്മ 2/515 , താളിക്കാട്ടിൽ, ഇടയാറന്മുള-689532 | 104230200466 | 19/05/21 141/2021 11/06/21 | 40000 | 06/2021 06/2023 |
| 18 | പങ്കജാക്ഷി 13/52 , തുളസി സദനം, വല്ലന , എരുമക്കാട്-689532 | 104230202795 | 04/07/22 164/2022 21/07/22 | 17600 | 08/2022 06/2023 |
| 19 | കുഞ്ഞുകുട്ടിയമ്മ 8/535 , തുഷാര ഭവൻ, നാൽക്കാലിക്കൽ-689533 | 104230201042 | 21/04/20 130/2020 17/07/20 | 59700 | 05/2020 06/2023 |
| 20 | പൊന്നമ്മ 2/427 , തൈക്കാട്ട്, ഇടയാറൻമുള , മാലക്കര-689532 | 104230200856 | 08/05/21 139/2021 03/06/21 | 40000 | 06/2021 06/2023 |
| 21 | ഭാരതി 13/95 , വലിയപാറക്കല്, | 104230202449 | 23/09/21 1012/2021 | 33600 | 10/2021 06/2023 |

| | | | | | |
|---|---|---|---|---|---|
| | വല്ലന, എരുമക്കാട്-689532 | | 06/10/21 | | |
| 22 | മുരളീധരൻ പിള്ള<br>8/131, വാലുങ്കൽ, കരിങ്ങാട്ടിൽ , കളരിക്കോട്, ഇലന്തൂർ-689643 | 104230202574 | 07/10/21<br>1039/2021<br>18/10/21 | 17600 | 11/2021<br>09/2022 |
| 23 | ചിന്നമ്മ മത്തായി<br>9/520, കല്ലുകാലായിൽ, കാരയ്ക്കാട് , കോട്ട-689504 | 104230200552 | 19/01/20<br>34/2020<br>14/02/20 | 64200 | 02/2020 -<br>06/2023 |
| 24 | ജാനകി<br>8/101 , തത്തൻ കോട്, നാൽക്കാലിക്കൽ-689533 | 104230201434 | 17/11/22<br>285/2022<br>07/12/22 | 11200 | 12/2022<br>06/2023 |
| | **വിധവ പെൻഷൻ** | | | | |
| 25 | ശോശാമ്മ എബ്രഹാം<br>3/428, ചെരുവേലിൽ, മാലക്കര-689532 | 104230600831 | 03/07/22<br>27/07/22<br>171/2022 | 17600 | 08/2022 -<br>06/2023 |
| 26 | കമലാക്ഷിയമ്മ.കെ.എൻ.<br>7/12 , കടയ്ക്കൽ വീട്, ആറന്മുള-689533 | 104230600053 | 02/12/22<br>295/2022<br>20/12/22 | 9600 | 01/2023<br>06/2023 |
| 27 | തങ്കമ്മ<br>4/192 , കല്ലുകാലായിൽ , ഇടയാറന്മുള-689532 | 104230600012 | 23/05/20<br>308/2020<br>03/06/20 | 57200 | 06/2020<br>06/2023 |
| | **കർഷക തൊഴിലാളി പെൻഷൻ** | | | | |
| 28 | വിജയമ്മ<br>9/189 , ചരിവുകാലായിൽ, എരുമക്കാട്-689532 | 104230100827 | 20/05/22<br>136/2022<br>20/06/22 | 20800 | 06/2022<br>06/2023 |
| 29 | കല്യാണി<br>6/113 , മണക്കാലായിൽ , ഇടശ്ശേരിമല ആറന്മുള-689533 | 104230100373 | 10/11/22<br>279/2022<br>28/11/22 | 11200 | 12/2022<br>06/2023 |
| 30 | ലക്ഷ്മി രാഘവൻ<br>16/88 , മാതിരംപള്ളിൽ , കുറിച്ചിമുട്ടം, എടയറൻമുള -689532 | 104230100269 | 01/09/20<br>190/2020<br>30/10/20 | 51900 | 10/2020<br>06/2023 |
| 31 | കുഞ്ഞുമോൻ<br>11/495 , മോടിയിൽ, എരുമക്കാട്-689532 | 104230100812 | 24/08/20<br>434/2020<br>03/09/20 | 14900 | 09/2020<br>06/2021 |
| 32 | കുഞ്ഞമ്മ<br>6/59 , നെടിയകാലാമേമുറിയിൽ, ഇടശ്ശേരിമല , ആറന്മുള-689533 | 104230100361 | 15/10/20<br>193/2020<br>10/11/20 | 32000 | 11/2020<br>06/2023 |
| | **ഡിസബിലിറ്റി പെൻഷൻ** | | | | |
| 33 | ദേവരാജന്<br>16/21 , നെല്ലിക്കുന്നത്ത് ജ്യോതി ഭവൻ കുറിച്ചിമുട്ടം , എടയറൻമൂല-689532 | 104230400178 | 28/07/21<br>749/2021<br>10/08/21 | 36800 | 08/2021<br>06/2023 |
| | ആകെ | | | 992600 | |

ഓഡിറ്റ് നടത്തിയ പ്രാഥമീക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പടെ സമഗ്രമായി പരിശോധിച്ചെങ്കിൽ മാത്രമേ ഈ ഇനത്തിലുള്ള യഥാർത്ഥ നഷ്ടം വ്യക്തമാകുകയുള്ളൂ.

മരണം പെൻഷൻ അനുവദിച്ചിടത്തല്ലാതെയുള്ള തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസംതന്നെ പെൻഷൻ നിർത്തപ്പെടേണ്ടതാണ് (22/09/2017-ലെ എസ്.എഫ്.സി.ബി1/71/2017/ധന നമ്പർ സർക്കുലർ). പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽനിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്.)നം.972020/ധന., തീ. 23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. സർക്കാർ കാലകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും വലിയ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്.

ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് സമഗ്രമായി പരിശോധിച്ച് മരണപ്പെട്ടവരെയും അനർഹരേയും ഒഴിവാക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മേൽ കാണിച്ചിരിക്കുന്ന പ്രകാരം ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം അവരുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുകകൾ അനന്തരവകാശികളിൽനിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-36 ക്ഷേമപെൻഷൻ ഡാറ്റാ ബേസിൽ മരണപ്പെട്ടവരും, അനർഹരുമായ 476 പേർ

മരണപ്പെട്ടതിനാലും, മറ്റ് കാരണങ്ങളാലും മസ്റ്ററിംഗ് പൂർത്തിയാക്കാത്തവരെയും, പുനർവിവാഹിതരായവരെയും സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് വീഴ്ചവരുത്തിയിട്ടുള്ളതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാലും, പുനർവിവാഹിതയായില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലും ഇവരുടെ പെൻഷൻ ബാങ്കുകൾ തടഞ്ഞുവെച്ച് തിരിച്ചടച്ചിട്ടുണ്ടെങ്കിലും ഓരോ പെൻഷൻ വിതരണ സമയത്തും, ഇവർക്കുള്ള തുക കൂടി സർക്കാർ ബാങ്കുകൾക്ക് കൈമാറിയിരുന്നു. സഹകരണ ബാങ്കുകൾ മുഖേന നേരിട്ട് (Direct To Home) പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ പെൻഷൻ തുക തിരിച്ചടച്ചാലും പെൻഷൻ വിതരണം ചെയ്യുന്ന ഏജന്റിനുള്ള കമ്മീഷൻ തുക തിരിച്ചടയ്ക്കേണ്ടതില്ല. ഈ ഇനത്തിൽ സർക്കാർ ഫണ്ടിന് നഷ്ടമുണ്ടായി. ഓരോ പെൻഷൻ വിതരണത്തിനുശേഷവും DBT-യിൽ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ലോഗിനിൽ ലഭ്യമാകുന്ന Bill Discrepancy Report പരിശോധിച്ച് ഇത്തരക്കാരെ ഒഴിവാക്കേണ്ടതായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ വലിയ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്.

സഹകരണ ബാങ്കുകൾ മുഖേന പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ ആ വിവരം ബാങ്കുകൾ പഞ്ചായത്തിനെ രേഖാമൂലം അറിയിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ ഗുണഭോക്താക്കൾ മരണപ്പെട്ടവിവരം പഞ്ചായത്തിനെ അറിയിക്കാതെ വർഷങ്ങളോ, മാസങ്ങളോ ഇവർക്കുള്ള പെൻഷൻ തുക തുടർന്നും ബാങ്കുകൾ കൈപ്പറ്റിയതായും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. വർഷങ്ങളായി ഈ അപാകത ആവർത്തിക്കുന്നതായാണ് കണ്ടത്.

ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിന്മേൽ (നം.5/27.20.23) സെക്രട്ടറി സത്വര നടപടി സ്വീകരിക്കുകയും, ആശാ പ്രവർത്തകരുടെയും, ജന പ്രതിനിധികളുടെയും സംയുക്ത യോഗം വിളച്ചുചേർത്തും, നേരിട്ട് അന്വേഷണം നടത്തിയും നിലവിൽ മരണപ്പെട്ടവരും, അനർഹരുമായി ഓഡിറ്റ് ചൂണ്ടിക്കാണിച്ച 476 പേരിൽ അവശേഷിച്ച 159 ഗുണഭോക്താക്കളുടെ കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. കണ്ടെത്തിയ 317 പേരെ പെൻഷൻ ഡാറ്റാ ബേസിൽനിന്നും നീക്കം ചെയ്ത് ഓഡിന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

## 1-37 കടവുകളിലെ ചെളി നീക്കം ചെയ്യൽ തിരുവാഭരണപാത വൃത്തിയാക്കൽ; ബില്ലും വൗച്ചറുമില്ലാത്ത 1.29 ലക്ഷം രൂപയുടെ അനധികൃത ചെലവ്

| | |
|---|---|
| പ്രോജക്ട് നം. | 85/23 |
| അടങ്കൽ | ₹135000 (തനത് ഫണ്ട്) |
| ചെലവ് | ₹129999 |
| തുക കൈപ്പറ്റിയ ആൾ | ശ്രീ വിനീത് രാജൻ |
| ചെക്ക് നം., തീ. | 6229345/02.06.22 |

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി **"ശബരിമല തീർത്ഥാടനം - കടവുകളിലെ ചെളി നീക്കം ചെയ്യൽ തിരുവാഭരണപാത വൃത്തിയാക്കൽ"** എന്ന പേരിൽ തനത് ഫണ്ടിൽനിന്നും 135000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു. 2021-22വർഷം ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഈ പ്രോജക്ടിന് 2022-23 വർഷം 129999രൂപ ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ശ്രീ വിനീത് രാജൻ എന്ന കരാറുകാരനാണ് തുക

കൈപ്പറ്റിയിട്ടുള്ളത്. എന്നാൽ ചെലവിനാധാരമായ രേഖകൾ സൂക്ഷിക്കുകയോ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തില്ല. പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല. കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതിന്റെ വിവരം എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും ലഭ്യമായില്ല. ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയാണോ പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല. അതുപോലെതന്നെ നടപടി ക്രമങ്ങൾ പാലിച്ചാണോ കരാർ നൽകിയിട്ടുള്ളതെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങാതെ ഒരു മരാമത്ത് പ്രവൃത്തിയും നടപ്പിലാക്കാൻ പാടില്ല. അതുപൊലെ തന്നെ അയ്യായിരം രൂപയിൽ അധികം മതിപ്പ് ചെലവ് വരുന്ന ഏതെങ്കിലും ഒരു മരാമത്ത് പണി ചെയ്യുന്നതിന് പഞ്ചായത്ത് തീരുമാനിച്ച സംഗതിയിൽ പ്രസിഡന്റിന്റെ ഉത്തരവ് പ്രകാരം സെക്രട്ടറിയോ, പഞ്ചായത്ത് അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ടെണ്ടറുകൾ ക്ഷണിക്കേണ്ടതാണ്. ലഭിക്കുന്ന ടെണ്ടറുകളിൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചെങ്കിൽ മാത്രമേ കരാറുകാരനുമായി എഗ്രിമന്റിൽ ഏർപ്പെടാൻ പാടുള്ളൂ. അളവ് പുസ്തകത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ അളവ് രേഖപ്പെടുത്താതെയും, ആയത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് എടുക്കാതെയും യാതൊരു പ്രവൃത്തിക്കും ബിൽ തുക നൽകാൻ പാടില്ല.

മേൽ പറഞ്ഞ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയും, ആവശ്യമായ രേഖകൾ സൂക്ഷിക്കാതെയുമാണ് ഈ പ്രവൃത്തിക്ക് 129999 രൂപ ചെലവഴിച്ചിട്ടുള്ളതെന്നാണ് കണ്ടത്. ചെലവിന്റെ കൃത്യതയും, സാധുതയും തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/30.10.2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ, കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ലാ എന്ന് കരുതപ്പെടുന്നതും, അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ്. ഓഡിറ്റിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ബില്ലും വൗച്ചറും ഇല്ലാതെ പഞ്ചായത്ത് ഫണ്ടിൽനിന്നും അനധികൃതമായി പിൻവലിച്ചതായി കണ്ട 129999 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## 1-38 ബാലാശ്രമം സത്രക്കടവ് റോഡ് – പണി നടത്തിപ്പിൽ ഗുരുതര അപാകം

| | |
|---|---|
| പ്രോജക്റ്റ് നം. | 62/23 |
| കരാറുകാരൻ | ശ്രീ പ്രസാദ് കുമാർ ആർ |
| അടങ്കൽ - | 1126000 |
| കരാർ നം. | 68/2021-22, Dtd. 05/11/21 |
| ചെലവ് | 619848 |
| എം.ബുക്ക് നം. | 50/21-22 |
| ചെക്ക് നം., തീ. | 118/ 11-10-2022 |
| ചെലവ് | 619848 |

പഞ്ചായത്തിന്റെ 2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 11.26ലക്ഷം രൂപ വകയിരുത്തി ബാലാശ്രമം സത്രക്കടവ് റോഡ് പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. റോഡിൽ കോൺക്രീറ്റ് ഓട നിർമ്മിക്കുന്നതിനും, കവറിംഗ് സ്ലാബ് ഇടുന്നതിനും (70എണ്ണം), ഐറിഷ് കോൺക്രീറ്റ് ചെയ്യുന്നതിനും ചപ്പാത്ത് നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റിൽ പ്രോവിഷൻ ഉണ്ടായിരുന്നത്. ഈ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി ശരിയായ രീതിയിൽ നിർവ്വഹിച്ചിട്ടില്ലെന്നാണ് ഫയൽ പരിശോധിച്ചതിൽനിന്നും വ്യക്തമായിട്ടുള്ളത്. ഈ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നാട്ടുകാരായ ചിലർ ബഹു. ജില്ലാ കളക്ടർക്കും, മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലും ഉൾപ്പടെ പരാതികൾ നൽകിയിട്ടുള്ളതായും ഫയൽ പരിശോധിച്ചതിൽനിന്നും വ്യക്തമായിട്ടുണ്ട്. ഗുരുതരമായ ആക്ഷേപങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് തദ്ദേശവാസികൾ ഉന്നയിച്ചിട്ടുള്ളത്. എന്നാൽ ഈ പരാതികൾ എല്ലാം നിലനിൽക്കേ പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് പാർട്ട് ബിൽ തുക നൽകിയതായാണ് കണ്ടത്.

തദ്ദേശവാസികൾ ബഹു. ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിന്മേലുള്ള റിപ്പോർട്ട് പ്രവൃത്തി നിർവ്വഹണത്തിന്റെ മേൽനോട്ട ചുമതലയുണ്ടായിരുന്ന ഓവർസീയർ ശ്രീമതി അർച്ചന ജി. 27.07.2022-ൽ അസി.എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പ്രവൃത്തി നിർവ്വഹണത്തിലുണ്ടായിട്ടുള്ള ഗുരുതര സ്വഭാവമുള്ള അപാകതകൾ ചൂണ്ടികാണിച്ചിട്ടുണ്ട്. റോഡിൽ 1 മീറ്റർ വീതിയിൽ മണ്ണ് എടുത്ത് മാറ്റി ഓട നിർമ്മിക്കാനുള്ള കുഴി എടുക്കുന്നതിന്

നിർദ്ദേശം നൽകിയെങ്കിലും പല സ്ഥലങ്ങളിലും 1.5 മീറ്റർ വീതിയിൽ മണ്ണ് മാറ്റി റോഡ് സഞ്ചരിക്കാൻ പറ്റാത്ത സ്ഥിതിയിലാക്കിയെന്നും, കൃത്യമായ സ്ലോപ്പ് നൽകി ഓടയുടെ ബഡ് കോൺക്രീറ്റ് ഇടാൻ നിർദ്ദേശിച്ചെങ്കിലും കരാറുകാരൻ അത് അനുസരിച്ചില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. മതിയായ സ്ലോപ്പ് നൽകാതെ ബഡ് കോൺക്രീറ്റ് ഇട്ടതുകാരണം വെള്ളം റോഡിൽ കെട്ടി നിൽക്കുന്ന അവസ്ഥയുണ്ടായതായും, പല തവണ ഇത് പരിഹരിക്കാൻ ആവശ്യപ്പെട്ടെങ്കിലും കരാറുകാരൻ ആയത് പരിഹരിച്ചില്ലെന്നും റിപ്പോർട്ടിലുണ്ട്. ഓടയ്ക്ക് 70 കവറിംഗ് സ്ലാബുകൾ എസ്റ്റിമേറ്റ് പ്രകാരമുണ്ടായിരുന്നത് എവിടെയൊക്കെ ഇടണമെന്ന് കൃത്യമായി കാണിച്ച് കൊടുത്തിട്ടും കരാറുകാരൻ അതുപോല സ്ലാബ് ഇട്ടില്ലെന്നും പറയുന്നു. സ്ലോപ്പ് നോക്കാനുള്ള യാതൊരു സംവിധാനങ്ങളും ഇല്ലാതെ, ചെയ്യുന്ന വർക്കിനെ പറ്റി ധാരണയില്ലാത്ത പണിക്കാരെ വെച്ചാണ് കരാറുകാരൻ പണി നടത്തിയതെന്നും പല തവണ പണിക്കാരെ മാറ്റാൻ പറഞ്ഞിട്ടും കരാറുകാരന്റെ ഭാഗത്തുനിന്നും അനുകൂല നടപടികൾ ഉണ്ടായില്ലെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

സൈറ്റിന്റെ ചാർജ്ജുള്ള ഓവർസീയറുടെയും, പ്രദേശവാസികളുടെയും, വാർഡ് മെമ്പറുടെയും നിർദ്ദേശങ്ങൾ ഒന്നും തന്നെ കരാറുകാരൻ പാലിച്ചിട്ടില്ലെന്ന് പ്രവൃത്തിയുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന ഓവർസീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. മോശമായ വർക്ക്മാൻഷിപ്പ് കാരണം ഓടയിൽ വെള്ളക്കെട്ട് ഉണ്ടായിട്ടുള്ളത് പരിഹരിക്കുന്നതിനും കരാറുകാരൻ നടപടി സ്വീകരിച്ചിട്ടില്ലെന്നും ഓവർസീയറുടെ റിപ്പോർട്ടിൽനിന്നും വ്യക്തമാണ്. 33% കുറഞ്ഞ നിരക്കിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ എഗ്രിമെന്റ് പ്രകാരം നിർമ്മാണം നടത്തുകയോ, നടത്തിയ നിർമ്മാണം യഥാവിധി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ലെന്നും നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ പൊതുജനങ്ങളുടെ പരാതിയിലും, എഞ്ചിനീയറുടെയും, ഓവർസീയറുടെയും റിപ്പോർട്ടിലും പറഞ്ഞിട്ടുള്ള അപാകതകൾ പരിഹരിക്കപ്പെട്ടതിന്റെ യാതൊരു സൂചനകളും ഫയലിൽ ഇല്ല. ഓഡിറ്റ് സ്ഥല പരിശോധന നടത്തിയതിൽ ഓട നിർമ്മാണത്തിലുണ്ടായിട്ടുള്ള ഗുരുതര അപാകം മൂലം ഓടയിലൂടെ സുഗമമായ ജല നിർഗ്ഗമനം തടസ്സപ്പെട്ടിട്ടുള്ളതായും, വെള്ളം ഓടയിൽ കെട്ടികിടക്കുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണത്തിലുണ്ടായിട്ടുള്ള പ്രധാന അപാകത അതേപടി നിലനിൽക്കുന്നതായാണ് കണ്ടത്. കൂടാതെ ഓഡിറ്റ് വേളയിൽ വാർഡിന്റെ ചുമതലയുള്ള ജനപ്രതിനിധിയും ഈ പ്രവൃത്തി സംബന്ധിച്ച് ഓഡിറ്റിന് പരാതി എഴുതി നൽകുകയും, വർക്ക് ഫയലിന്റെ വിശദമായ പരിശോധന ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്.

പ്രവൃത്തി നിർവ്വഹണത്തിലുണ്ടാകുന്ന ഏതൊരു തകരാറും സ്വന്തം ചെലവിൽ പരിഹരിക്കുന്നതിന് കരാർ ഉടമ്പടി പ്രകാരം കരാറുകാരന് ഉത്തരവാദിത്വം ഉണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ കാര്യത്തിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ തകരാർ പരിഹരിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിച്ചിട്ടില്ല. കരാറുകാരന് ഒരു നോട്ടീസ് പോലും നൽകിയിട്ടുള്ളതായി കണ്ടില്ല. കരാറുകാരന്റെ ഭാഗത്തുനിന്നുള്ള എല്ലാ കരാർ ലംഘനങ്ങൾക്കും നേരെ അധികൃതർ കണ്ണ് അടച്ചു.

വസ്തുതകൾ ഇപ്രകാരമായിരിക്കെ, തൃപ്തികരമായി പ്രവൃത്തി പൂർത്തിയാക്കിയെന്ന് അസി.എഞ്ചിനീയർ എം.ബുക്കിൽ സാക്ഷ്യപ്പെടുത്തി കരാറുകാരൻ അതുവരെ ചെയ്ത പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തി പാർട്ട് ബിൽ അനുവദിച്ചത് ക്രമപ്രകാരമല്ല. പാർട്ട് ബിൽ പ്രകാരം കരാറുകാരൻ 525295 രൂപയുടെ പ്രവൃത്തി നടത്തുകയും, 18% ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പടെ (94553/-) ആകെ തുക 619848രൂപ കണക്കാക്കി നികുതികളും ക്ഷേമനിധി വിഹിതവും കുറവ് ചെയ്ത് കരാറുകാരന് 598836രൂപ പ്രതിഫലം നൽകുകയും ചെയ്തു. റീടെൻഷൻ 2.5% തുക പാർട്ട് ബില്ലിൽനിന്നും ഈടാക്കിയിട്ടുമില്ല. കേരള പഞ്ചായത്ത് രാജ് പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടം 14(1) പ്രകാരം പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള ഏതൊരു പൊതുമരാമത്ത് പണിയും പഞ്ചായത്തിന് എഞ്ചിനീയറുടെയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റ് സാങ്കേതിക ഉദ്യോഗസ്ഥൻമാരുടെയോ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തേണ്ടതും ജോലിയുടെ പുരോഗതിയും ഗുണമേന്മയും അവർ നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും അപ്രകാരം നടത്തപ്പെടുന്ന ഏതൊരു ജോലിയുടേയും ഗുണമേന്മയോടു കൂടിയുള്ള പൂർത്തീകരണത്തിൽ അവർ വ്യക്തിപരമായോ കൂട്ടായോ ഉത്തരവാദിയായിരിക്കുന്നതുമാണ്. ഈ പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് ഗുരുതമായ ചട്ട ലംഘനവും, കൃത്യ വിലോപവും ഉണ്ടായിട്ടുണ്ട്.

കരാർ ഉടമ്പടിയുടെ ലംഘനം നടത്തുകയും പ്രവൃത്തി നിർവ്വഹണത്തിൽ ഗുരുതര വീഴ്ചവരുത്തുകയും ചെയ്ത കരാറുകാരന് ഇപ്രകാരം പാർട്ട് ബിൽ തുക നൽകിയതിൽ പൊതു താല്പര്യത്തിന്റെ ലംഘനമുണ്ട്. മാത്രവുമല്ല 23/09/22-ൽ പാർട്ട് ബിൽ നൽകിയിട്ടുള്ള ഈ പ്രവൃത്തി കരാറുകാരൻ തുടർന്ന് നടത്തിയിട്ടില്ല. പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരനെതിരെ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള യാതൊരു തുടർ നടപടികളും അസിസ്റ്റന്റ് എഞ്ചിനീയർ സ്വീകരിച്ചിട്ടില്ല. കരാറുകാരൻ പ്രവൃത്തി ഉപേക്ഷിക്കുന്ന സംഗതിയിൽ കരാറുകാരന് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനും കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ പ്രവൃത്തി മറ്റൊരു ഏജൻസി മുഖാന്തിരം പൂർത്തിയാക്കുന്നതിനും അസി.എഞ്ചിയർക്ക് ഉത്തരവാദിത്തമുണ്ട്. ഇക്കാര്യത്തിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്ത് കൃത്യവിലോപമുണ്ടായി.

പ്രവൃത്തി നിർവ്വഹണത്തിലുണ്ടായ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 32/01.10.23) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിക്ക് ചെലവഴിച്ച 619848 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തിയുടെ തകരാർ പരിഹരിക്കുന്നതിനും പ്രവൃത്തി തൃപ്തികരമായ നിലയിൽ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 പാതി വഴിയിൽ മുടങ്ങി കുറിച്ചിമുട്ടം മൃഗാശുപത്രി കെട്ടിട നിർമ്മാണം; 9.63 ലക്ഷം രൂപ ചെലവഴിച്ച കെട്ടിടം സംരക്ഷണമില്ലാതെ നശിക്കുന്നു

ആറന്മുള പതിനേഴാംവാർഡിൽ സ്ഥിതിചെയ്യുന്ന കുറിച്ചിമുട്ടം മൃഗാശുപത്രിയുടെ നിർമാണം പാതിവഴിയിൽ മുടങ്ങിക്കിടക്കുന്നത് പഞ്ചായത്തിന് ബാധ്യത സൃഷ്ടിക്കുന്നു. പഴയ കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ പുതിയ കെട്ടിടത്തിനായി 2019-2020 സാമ്പത്തിക വർഷം പദ്ധതി ആവിഷ്കരിക്കുകയും 9.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ക്ഷണിക്കുകയും ചെയ്തിരുന്നു. 2021-22 വർഷത്തിൽ 7.29 ലക്ഷം രൂപ ചെലവഴിച്ച് 70 ശതമാനത്തോളം നിർമ്മാണം നടത്തിയെങ്കിലും നിർമ്മാണം നിലച്ചുപോകുകയായിരുന്നു. കരാറുകാരൻ പാതി വഴിയിലാക്കിയ പണി തുടർന്ന് നടത്തി പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും തികഞ്ഞ അലംഭാവമാണ് ഉണ്ടായിട്ടുള്ളത്. പഴയ മൃഗാശുപത്രിയിരുന്നിടത്താണ് കെട്ടിടം പണി നടക്കുന്നതെന്നതിനാൽ മൃഗാശുപത്രി നിലവിൽ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്.



വെള്ളപ്പൊക്ക സാധ്യത മുന്നിൽകണ്ട് പഴയ കെട്ടിടത്തിന്റെ അടിത്തറ നിലനിർത്തിക്കൊണ്ട് നിശ്ചിത അകലത്തിൽ കോൺക്രീറ്റ് പില്ലറുകൾ നിർമ്മിച്ച് പ്ലിന്ത് ബീം, സ്ലാബ് ഉൾപ്പെടെ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പൂർത്തിയാക്കാനും, സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ഭിത്തി കെട്ടുന്നതിനും കട്ടിള, ജനൽ എന്നിവ പിടിപ്പിക്കുന്നതിനും ഭിത്തി പ്ലാസ്റ്ററിംഗ് ചെയ്യുന്നതിനുമാണ് 9.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. 2021-22 വർഷത്തിൽ രണ്ട് ബില്ലുകളിലായി ആകെ 7.29ലക്ഷം രൂപ കരാറുകാരന് നൽകിയെങ്കിലും നിർമ്മാണം മുടങ്ങുകയാണ് ഉണ്ടായത്. കരാറുകാരൻ ബഹു.ഓംബുഡ്സ്മാനെ സമീപിച്ച് അനുകൂല വിധി സമ്പാദിച്ച് 2022-23വർഷം 229315 രൂപ കൂടി വാങ്ങിയെടുത്തു. കരാറുകാരന് യഥാർത്ഥത്തിൽ നൽകേണ്ട തുകയേക്കാൾ 103413 രൂപ കൂടുതലാണ് ഇപ്രകാരം നൽകിയത്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽനിന്നും, ഈ വിഷയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖാമൂലം ലഭ്യമാക്കിയ വിശദീകരണത്തിൽനിന്നും വെളിവായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവൃത്തി നടത്തി

ഈ പ്രവൃത്തി 23.03.2020-ലാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. 9.5 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന പ്രവൃത്തിക്ക് ശ്രീ സുദർശനൻ ആർ., സുദർശന വിലാസം, മാത്രൂർ എന്നയാളാണ് കുറഞ്ഞ് നിരക്ക് രേഖപ്പെടുത്തിയത് (829962/-). കുറഞ്ഞ നിരക്കിലുള്ള ടെണ്ടറിന് 18.04.2020-ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ 28.05.2020-ൽ കരാർ ഉടമ്പടി വെച്ചു. കരാർ വ്യവസ്ഥ പ്രകാരം എട്ട് മാസം കൊണ്ട്, അതായത് 18/12/2020-നു മുമ്പായി കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കിയില്ല. എന്നാൽ കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം അസി.എഞ്ചിനീയർ നടപടി സ്വീകരിച്ചില്ല.

മൃഗാശുപത്രി നവീകരണം എന്ന പേരിലാണ് പദ്ധതി ആവിഷ്കരിച്ചതെങ്കിലും, പ്രളയത്തിൽ തകർന്ന കെട്ടിടം പുനർനിർമ്മിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ടെണ്ടറിനു മുന്നോടിയായി സാങ്കേതികാനുമതി വാങ്ങിയ എസ്റ്റിമേറ്റിൽ (TS No. 113157/2019/20) പൊളിച്ച് നീക്കാനുള്ള ഇനങ്ങൾ Dismantling എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്നു. Brick Work പൊളിച്ചുമാറ്റുന്നതിനും, ജനൽ, കട്ടിള ഇളക്കി മാറ്റുന്നതിനും (8 എണ്ണം) 81 ച.മീറ്റർ റൂഫിംഗ് പൊളിക്കുന്നതിനും, കോൺക്രീറ്റ് ഇളക്കുന്നതിനുമുള്ള ഇനങ്ങൾ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നു. ടെണ്ടർ വേളയിൽ ഉണ്ടായിരുന്ന എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെങ്കിൽ കെട്ടിടം പൊളിക്കുന്നതിനുള്ള ഇനങ്ങളായിരുന്നു എം.ബുക്കിൽ ആദ്യം രേഖപ്പെടുത്തേണ്ടിയിരുന്നത്. 81 ച. മീ. റൂഫിംഗ് ഏരിയ വരുമ്പോൾ 60 ച.മീറ്ററിൽ കവിഞ്ഞ ഒരു ഓട് ഇട്ട കെട്ടിടം നിലവിലുണ്ടായിരുന്നുവെന്നും അത് പൊളിച്ചുനീക്കിയാണ്

നിർമ്മാണം നടത്തിയിട്ടുള്ളതെന്നും അനുമാനിക്കുന്നു. എന്നാൽ നിലവിലുള്ള കെട്ടിടം പൊളിച്ച് നീക്കിയത് സംബന്ധിച്ച ഒരു രേഖപ്പെടുത്തലും എം.ബുക്കിൽ ഇല്ല. 11/10/21-ൽ അളവ് രേഖപ്പെടുത്തിയ എം.ബുക്കിൽ Column Excavation കരാറുകാരൻ ആരംഭിച്ച് AE അളവുകൾ രേഖപ്പെടുത്തിയതായി കാണുന്നു. തുടർന്നുള്ള എം.ബുക്കിലെ രേഖപ്പെടുത്തലുകളിൽ 03/12/21-ൽ Extra Item രേഖപ്പെടുത്തിയിരിക്കുന്നു. നിർമ്മാണം ആരംഭത്തിൽതന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമാണെന്ന് ഇതിൽനിന്നെല്ലാം വ്യക്തമാണ്.

റിവൈസ്ഡ് എസ്റ്റിമേറ്റിൽ Demolition Item എല്ലാംതന്നെ ഒഴിവാക്കിയിരിക്കുന്നു. നിലവിലുള്ള കെട്ടിടം പൊളിച്ചു നീക്കാൻ 56422.54 രൂപയുടെ വാല്യൂവേഷൻ എടുത്ത് 10/03/21-ൽ അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് നൽകുകയും, പൊളിച്ചു നീക്കുന്ന ഉരുപ്പടികൾ ലേലം ചെയ്യുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിരിക്കുന്നത് ഫയലിൽ ഉണ്ട്. കെട്ടിടം പൊളിച്ചു നീക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയ ശേഷമാണ് നിർമ്മാണം ആരംഭിച്ചത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമാണ് നിർമ്മാണം ആരംഭിച്ചതെന്ന് ഇതിൽനിന്നും സ്പഷ്ടമാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ കെട്ടിടത്തിന്റെ കോളം, റൂഫ് ബീം, റൂഫ് സ്ലാബ് നിർമ്മാണം എന്നിവയും, എക്സ്ട്രാ ഇനമായി ഡി.ആർ. കെട്ടും, ബേസ്മെന്റ് ഫില്ലിംഗുമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഭൌതിക പരിശോധനയിൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടാത്തതും, സാങ്കേതികാനുമതി ഇല്ലാത്തതും, ആരുടെയും മേൽനോട്ട ഉത്തരവാദിത്വം ഇല്ലാത്തതുമായ പ്രവൃത്തികൾ നടത്തിയിട്ടുള്ളതായി നിലവിൽ നിർവ്വഹണ ചുമതലയുള്ള അസി.എഞ്ചിനീയർ ഓഡിറ്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിലും റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള കട്ട കെട്ട് കരാറുകാരൻ നടത്തിയിട്ടുള്ളതായി കണ്ടു.

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെയാണ് മേൽ പറഞ്ഞ പ്രകാരം അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് കരാറുകാരൻ പ്രവൃത്തി നടത്തിയിട്ടുള്ളത്. അളവ് പുസ്തക പ്രകാരം ഈ പ്രവൃത്തിയുടെ അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 21.02.2022-ലാണ്. എന്നാൽ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് നടത്തിയിട്ടുള്ള ഇനങ്ങൾ ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളത് 04/03/2022-ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18-ാം നമ്പർ തീരുമാന പ്രകാരമാണ്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒപ്പും സീലും പതിപ്പിച്ച ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അതിൽ റിവൈസ്ഡ് ടി.എസ്. നമ്പരും, തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് എന്നാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല. എന്തു തന്നെയായാലും പ്രവൃത്തി പൂർത്തിയാക്കി വളരെ നാളുകൾക്കുശേഷമാണ് ചട്ടവരുദ്ധമായി റിവൈസ്ഡ് എസ്റ്റിമേറ്റിന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാണ്.

18/12/2020-ൽ പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തി യഥാസമയം കരാറുകാരൻ പൂർത്തിയാക്കിട്ടില്ലെന്ന് മാത്രമല്ല റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ ഭരണാനുമതിയും, സാങ്കേതികാനുമതിയും വാങ്ങാതെയാണ് പ്രവൃത്തി നടത്തി 21.02.2022-ൽ കരാറുകാരൻ ഫൈനൽ ബിൽ സമർപ്പിച്ചതെന്ന് മേൽ വസ്തുതകളിൽനിന്നും വ്യക്തമാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് കിട്ടുന്നതിന് കരാറുകാരന് അപേക്ഷ സമർപ്പിക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് കരാർ ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. മാത്രവുമല്ല പി.ഡബ്ല്യു.ഡി. മാനുവലും, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയും പ്രകാരം ഒരു മരാമത്ത് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഭേദഗതി വേണ്ടിവരുന്ന സന്ദർഭങ്ങളിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് മുൻകൂട്ടിയുള്ള ഭരണാനുമതിയും, സാങ്കേതികാനുമതിയും വാങ്ങിയതിനുശേഷം മാത്രമേ പ്രവൃത്തി നടത്താവൂ. നിർവ്വഹണം പൂർത്തിയാക്കിയതിനുശേഷമോ, നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല. ചട്ടം മറികടന്നാണ് ഈ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്.

പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ 23.12.2021-ൽ സമർപ്പിച്ചു. പാർട്ട് ബിൽ പ്രകാരം ജി.എസ്.ടി ഉൾപ്പടെ 254728രൂപയുടെ പ്രവൃത്തി നടത്തുകയും, നികുതികളും, ക്ഷേമനിധി വിഹിതവും കുറവ് ചെയ്ത് 275108രൂപ കരാറുകാരൻ പ്രതിഫലം വാങ്ങുകയും ചെയ്തു. പ്രവൃത്തിയുടെ ഫൈനൽ ബിൽ സമർപ്പിച്ചിട്ടുള്ളത് 14.03.2022-ലാണ്. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ ആകെ 763778 രൂപയുടെ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. ഫൈനൽ ബില്ലിൽനിന്നും പാർട്ട് ബിൽ തുകയായ 254728രൂപ കുറവ് ചെയ്ത് അറ്റതുക 509050രൂപയായി കണക്കാക്കി. ജി.എസ്.ടി. ഉൾപ്പെടെ ആകെ ബിൽ തുക 570136 രൂപയായിരുന്നു. ബിൽ തുക 444640 രൂപയിൽ പരിമിതപ്പെടുത്തി നികുതികൾ കിഴിവ് ചെയ്ത് 428760രൂപയാണ് കരാറുകാരന് നൽകിയത്.

ഫൈനൽ ബില്ലിൽനിന്നും പിടിച്ചുവച്ചിരുന്ന തുക ചുവടെ ചേർക്കും പ്രകാരം 2022-23-ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി കരാറുകാരന് നൽകി. ബഹു. ഓംബുഡ്സ്മാന്റെ വിധിയെ തുർന്നാണ് കരാറുകാരന് ബാലൻസ് തുക നൽകിയിട്ടുള്ളതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു. എന്നാൽ ഇത് സംബന്ധിച്ച രേഖകളൊന്നും ഫയലിൽ കണ്ടില്ല.

| | |
|---|---|
| പ്രവൃത്തി മൂല്യം (ബാലൻസ് തുക) | 197686 |

| | |
|---|---|
| (+) GST 18% | 35583 |
| (-) GST 2% | 3954 |
| കരാറുകാരന് നൽകിയ തുക | 229315 |

മേൽ പറഞ്ഞ പ്രകാരം കരാറുകാരന് അർഹമായ തുക കണക്കാക്കിയതിലുണ്ടായ പിശക് മൂലം 103413 രൂപ കരാറുകാരന് അനർഹമായി നൽകിയിട്ടുള്ളതായും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 763778 |
| (+) GST 12% | 91653 |
| ആകെ | 855431 |
| (-) IT 1% | 8554 |
| (-) GST 2% | 17108 |
| കരാറുകാരന് അർഹമായ തുക | 829769 |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം കരാറുകാരന് 829769 രൂപ പ്രതിഫലം നൽകേണ്ട സ്ഥാനത്ത് 933182 രൂപയാണ് നൽകിയിട്ടുള്ളത്. കരാറുകാരന് നൽകിയ പ്രതിഫലത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം., തീ. | ആകെ ബിൽ തുക | കരാറുകാരന് നൽകിയത് |
|---|---|---|
| 21070252014900912854/10.01.2022 | 285295 | 275107 |
| 21070252014901424435/23.03.2022 | 444640 | 428760 |
| 3556512/21.02.2023 (തനത് ഫണ്ട് ) | 233269 | 229315 |
| ആകെ | 963204 | 933182 |

കരാറുകാരന് മേൽ പറഞ്ഞ പ്രകാരം 103413 രൂപ (933182-829769) അധികം നൽകി. അധികം നൽകിയ തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

**പൊളിച്ചു നീക്കിയ കെട്ടിട ഭാഗങ്ങൾ ലേലം ചെയ്തത് സംബന്ധിച്ച വിവരം ഇല്ല**

നിലവിലുള്ള കെട്ടിടം പൊളിച്ചു നീക്കിയാണ് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഒറിജിനൽ എസ്റ്റിമേറ്റിൽ ജനലും, കട്ടിളയും (8 എണ്ണം) ഇളക്കി മാറ്റുന്നതിനും, 81 ച.മീറ്ററിൽ കുറയാത്ത ഓട് ഇട്ട മേൽക്കൂര പൊളിച്ചു നീക്കുന്നതിനും പ്രോവിഷൻ ഉൾപ്പെടുത്തിയിരുന്നു. കെട്ടിടം പൊളിച്ചു നീക്കാൻ 10/03/21-ൽ അസിസ്റ്റന്റ് എഞ്ചിനീയർ 56422 രൂപയുടെ വാല്യുവേഷൻ എടുത്ത് നൽകി ലേലം ചെയ്യാൻ സെക്രട്ടറിക്ക് ശുപാർശ ചെയ്തതായി ഫയലിൽ രേഖയുണ്ട്. എന്നാൽ പൊളിച്ചു നീക്കിയ കെട്ടിട ഭാഗങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയതിന്റെ വിവരം ഓഡിറ്റിന് ലഭിച്ചിട്ടില്ല. ലേല നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കണം.

**പ്രവൃത്തി പൂർത്തീകരണത്തിന് തുടർ പദ്ധതികൾ ആവിഷ്കരിച്ചില്ല**

2019-20-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിന് തുടർ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ അധികൃതരുടെ ഭാഗത്ത് വീഴ്ചയുണ്ട്. മേൽ സൂചിപ്പിച്ചിരുന്നത് പോലെ കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കാതെ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയത് ക്രമപ്പെടുത്തി ബിൽ തുക നൽകി. കൂടാതെ 18/12/2020-ന മുമ്പ് പൂർത്തിയാക്കേണ്ടിയിരുന്ന ഈ പ്രവൃത്തിയുടെ പൂർത്തീകരണം വൈകിപ്പിച്ചതിന് കരാറുകാരനിൽനിന്നും പിഴ ഈടാക്കിയതുമില്ല. ഭാഗീകമായി പണി നടത്തി 2022 മാർച്ച് മാസം ഫൈനൽ ബിൽ എഴുതിയിട്ടുള്ള ഈ പ്രവൃത്തി പൂർത്തിയാക്കി ഉപയോഗ യോഗ്യമാക്കുന്നതിന് തുടർ പ്രോജക്ട് ഏറ്റെടുക്കാതിരുന്നത് വീഴ്ചയാണ്. സ്ട്രക്ചർ നിർമ്മാണം പൂർത്തിയായ ഈ കെട്ടിടം സംരക്ഷണമില്ലാതെ കാടുമൂടി കിടക്കുന്ന നിലയിലാണ്.

കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ അനുബന്ധ സൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം തയ്യാറാക്കേണ്ടതെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഫണ്ടിന്റെ അപര്യാപ്തതയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കേണ്ടതാണ്. എന്നാൽ കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ ഇനങ്ങളും, പ്രത്യേകിച്ച് വയറിംഗ്, പ്ലംബിംഗ് മുതലായവ ഉൾപ്പെടുത്താതെയാണ് പ്രോജക്ട് ആവിഷ്കരിച്ച് പ്രവൃത്തി നടത്തിയിട്ടുള്ളത്. ലക്ഷ്യം ബോധമില്ലാതെ പദ്ധതി നടപ്പിലാക്കിയതിനാൽ പ്രോജക്ട് ഏറ്റെടുത്ത് മൂന്ന് വർഷം പിന്നിട്ടിട്ടും പദ്ധതി ലക്ഷ്യം കാണാതെ പൊതു ഖജനാവിൽനിന്നും പ്രവൃത്തിക്ക് ചെലവഴിച്ച 963204 രൂപ മുടങ്ങികിടക്കുന്ന സ്ഥിതിയാണ്.

പൊതു ഖജനാവിൽനിന്നും ലക്ഷങ്ങൾ ചെലവഴിച്ച കെട്ടിട നിർമ്മാണം എങ്ങും എത്താതെ മൃഗാശുപത്രി വാടക കെട്ടിടത്തിൽ തുടരുന്നത് പഞ്ചായത്തിന് ഭൂഷണമല്ല. കെട്ടിട നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-40 പാർശ്വഭിത്തി നിർമ്മാണത്തിന് ആവശ്യമായ അളവിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; കരാറുകാരന് അനർഹമായി നൽകിയ 32774 രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | - 180/22-23) |
| അടങ്കൽ | - 450000 |
| കരാറുകാരൻ | - ശ്രീ സുരേഷ് കുമാർ |
| എഗ്രിമെന്റ് നം. | - 21/22-23, 20.01.23 |
| എം.ബുക്ക് നം. | - 82966/2022_5_1_1 |
| പ്രവൃത്തി മൂല്യം | - 445741 |
| ബിൽ നം., തീ. | - 13/03/2023 |

**2022-23** വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ എരുമക്കാട് ചാത്തൻങ്കേരി തലക്കാട്ടുമലപ്പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രോജക്റ്റിന്റെ ഫയൽ പരിശോധിക്കുകയും, പ്രവൃത്തി സ്ഥലത്ത് നേരിട്ട് പരിശോധന നടത്തുകയും ചെയ്തതിൽ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ കൃത്യമായി പാലിച്ചല്ല പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് വ്യക്തമായി. സ്പെസിഫിക്കേഷൻ അനുസരിച്ച് പ്രവൃത്തി നടത്തുന്നതിന് 394 എണ്ണം ആണിക്കല്ല് (Bond Stone) ഉപയോഗിക്കേണ്ടതിന് പകരം കേവലം 20 എണ്ണം കോൺക്രീറ്റിൽ കാസ്റ്റ് ചെയ്ത് ഉപയോഗിച്ചിട്ടുള്ളതായാണ് കണ്ടത്. ആവശ്യമായ അളവിൽ ആണിക്കല്ല് ഉപയോഗിച്ച് നിർമ്മാണം നടത്താതിരുന്നതിനാൽ പ്രവൃത്തിയുടെ ഗുണനിലവാരത്തിൽ പോരായ്മ ഉണ്ടായെന്ന് മാത്രമല്ല ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണുകൾക്ക് നിരക്ക് അനുവദിക്കുക വഴി കരാറുകാരന് അനർഹമായ ലാഭം ഉണ്ടാകുകയും ചെയ്തു.

റോഡ് മെയിന്റനൻസ് ഗ്രാന്റിൽനിന്നും 450000 ലക്ഷം രൂപ വകയിരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്തത്. എരുമക്കാട് ചാത്തങ്കരി റോഡിൽ ചെയ്നേജ് 500-521.5-ൽ 21.5 മീറ്റർ നീളത്തിലും, ശരാശരി 2.3 മീറ്റർ പൊക്കത്തിലും കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച (379333) ശ്രീ സുരേഷ് കുമാർ പി.ജി. എന്നയാളാണ് കരാറെടുത്തത്. 20/01/2023-ൽ കരാർ വെച്ച ഈ പ്രവൃത്തി 07/03/23-ൽ കരാറുകാരൻ പൂർത്തിയാക്കി ബിൽ സമർപ്പിച്ചിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ GSTഉൾപ്പടെ ആകെ 445741 രൂപയുടെ പ്രവൃത്തി നടത്തി. നിയമപരമായ കിഴിവുകൾ നടത്തിയതിനുശേഷം കരാറുകാരന് 430631 രൂപ പ്രതിഫലവും നൽകി.

പ്രവൃത്തിയുടെ ഇനം 2 പ്രകാരം 56.276 Cum കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിന് 5988.21/cum നിരക്കിൽ 336992.51 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് Bond Stone ഉപയോഗിച്ചുള്ള നിർമ്മാണത്തിനുള്ള സ്പെസിഫിക്കേഷനും (DSR 75.7.1) നിരക്കുമാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള Bond Stone ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമായി. പകരം ബോണ്ട് സ്റ്റോൺ ഉപയോഗിച്ചുവെന്ന് വരുത്തി തീർക്കുന്നതിന് മാത്രമായി ബോണ്ട് സ്റ്റോണിന്റെ അതേ അളവിലും വലുപ്പത്തിലും സിമിന്റ് കോൺക്രീറ്റിൽ കാസ്റ്റ് ചെയ്ത 20 കല്ലുകൾ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളതായാണ് കണ്ടത്. ബോണ്ട് സ്റ്റോൺ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സംഗതിയിൽ, അവ മെഷർമെന്റും, ചെക്ക് മെഷർമെന്റും എടുക്കുന്നതിനും കഴിയുന്ന തരത്തിൽ പെയിന്റിന് ഉപയോഗിച്ച് അടയാളപ്പെടുത്തേണ്ടത് ആവശ്യമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. കൂടാതെ ബോണ്ട് സ്റ്റോണിന് പകരമായി കോൺക്രീറ്റിൽ കാസ്റ്റ് ചെയ്ത് ഉപയോഗിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള ചീഫ് എഞ്ചിനീയറുടെ ഉത്തരവുകളോ, സർക്കുലറുകളോ ഉള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. വകുപ്പ് നിർദ്ദേശത്തിന്റെ അഭാവത്തിൽ ബോണ്ട് സ്റ്റോണിന് പകരം കോൺക്രീറ്റ് കാസ്റ്റിംഗുകൾ ഉപയോഗിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

ഈ പ്രവൃത്തിക്ക് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ലാത്ത സംഗതിയിൽ പാറകെട്ടിന് അനുവദിച്ച നിരക്കിൽനിന്നും (Item No.2) പ്രവൃത്തിക്ക് ഉപയോഗിക്കാതിരുന്ന Bond Stone-ന്റെ വില കുറവ് ചെയ്യേണ്ടതായിരുന്നു. ഓഡിറ്റ് കാലയളവിൽ നടപ്പിലാക്കിയ മറ്റ് ചില പ്രവൃത്തികളുടെ കാര്യത്തിൽ ഇപ്രകാരം ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണുകളുടെ വില കുറവ് ചെയ്തിട്ടുള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് (ഉദ. 330/22 - മുളയ്ക്കാല നടപ്പാത സംരക്ഷണഭിത്തി).

പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം 56.276 Cum ഡി.ആർ. കെട്ടാണ് നടത്തിയിട്ടുള്ളത്. സ്പെസിഫിക്കേഷൻ

പ്രകാരം ക്യൂബിക്ക് മീറ്ററിന് 7 ബോണ്ട് സ്റ്റോണുകളാണ് ഉപയോഗിക്കേണ്ടത്. ആയത് പ്രകാരം 56.276 Cum-ന് 394 ബോണ്ട് സ്റ്റോണുകളാണ് ഉപയോഗിക്കേണ്ടിയിരുന്നത്. എന്നാൽ ഉപയോഗിച്ചതാകട്ടെ 20 എണ്ണം മാത്രമാണ് (കോൺക്രീറ്റിൽ കാസ്റ്റ് ചെയ്തത്). ഈ സാഹചര്യത്തിൽ 374 ബോണ്ട് സ്റ്റോണുകളുടെ വിലയായി 87.63 രൂപ നിരക്കിൽ 32774 രൂപ കരാറുകാരന് നൽകിയത് അനുവദനീയമല്ല.

**ബോണ്ട് സ്റ്റോണിന്റെ വില കണക്കാക്കിയത്**

| | |
|---|---|
| Cost Of 1 No. | 52.75 |
| Add Overhead 10% | 5.28 |
| Total | 58.03 |
| Add CP 10% | 5.80 |
| Total | 63.83 |
| Add Cost Index 37.29% | 23.80 |
| Cost Of 1 Bond Stone | 87.63 |

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.35/01.11.2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് അനർഹമായി നൽകിയ 32774രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് പ്രവൃത്തിയുടെ നിർവ്വഹണ ചുമതല വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും, ഈടാക്കേണ്ടതാണ്.

## 1-41 പ്രവൃത്തി സ്ഥലത്ത് ലഭ്യമായ റബിൾ പണിക്ക് ഉപയോഗിച്ചില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പെരുന്തോട് പഴയ കോട്ട ചന്തയുടെ പാർശത്തിലൂടെ ഒഴുകുന്ന തോട്ടിൽ നിലവിലുള്ള കലുങ്കിന്റെ ഇരുവശങ്ങളിലുമായി ഇടിഞ്ഞുവീണ സംരക്ഷണ ഭിത്തി രണ്ട് വ്യത്യസ്ഥ പദ്ധതികൾ ആവിഷ്കരിച്ച് പുനർ നിർമ്മാണം നടത്തിയിട്ടുണ്ട്. ഇപ്രകാരം ഒരേ സൈറ്റിൽ ഒരേ സ്വഭവത്തിലുള്ള പ്രവൃത്തിക്ക് രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ചതിന്റെ ഉദ്ദേശ്യം വ്യക്തമല്ല. ടി പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ വർക്ക് സൈറ്റിൽ ലഭ്യമായ റബിൾ പൂർണ്ണമായും പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമായി. സ്ഥലത്ത് ലഭ്യമായ റബിളിന് എന്ത് സംഭവിച്ചുവെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഞ്ചിനീയർ വ്യക്തമാക്കിയിട്ടില്ല.

പ്രോജക്ട് നം.332/23 പ്രകാരം 9 മീറ്റർ നീളത്തിലും 1.5 മീറ്റർ പൊക്കത്തിലും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 91862 രൂപ ചെലവായി. പ്രോജക്ട് നം. 367/23 പ്രകാരം 8 മീറ്റർ നീളത്തിലും, ശരാശരി 1.5 മീറ്റർ പൊക്കത്തിലും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 97687 രൂപയും ചെലവഴിച്ചു. രണ്ട് പ്രവൃത്തികളും കരാറെടുത്തിരുന്നത് ശ്രീ സിബി ജോൺ എന്ന കരാറുകാരനാണ്. ആദ്യ പ്രവൃത്തി 31/12/2022-ൽ എഗ്രിമെന്റ് വെച്ച് 09/03/23-ലും, രണ്ടാമത്തെ പ്രവൃത്തിയ്ക്ക് 12/12/2022-ൽ എഗ്രിമെന്റ് വെച്ച് 07.03.23-ലും പൂർത്തിയാക്കി ബിൽ തുക കൈപ്പറ്റി.

| പ്രോജക്ട് നം. | അടങ്കൽ | ഫണ്ടിനം | ചെലവ് | ബിൽ നം., തീ. |
|---|---|---|---|---|
| 332/23 - പെരുംന്തോട് പഴയ കോട്ട ചന്ത സൈഡ് കെട്ട് 14 | 100000 | റോഡ് മെയിന്റനൻസ് ഫണ്ട് | 91862 | 443/16-03-2023 |
| 367/23 - പെരുന്തോട് പഴയ കോട്ട ചന്ത സൈഡ് കെട്ട് റീച്ച് 2 14 | 100000 | റോഡ് മെയിന്റനൻസ് ഫണ്ട് | 97687 | 435/10-03-2023 |

ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് തോട് വൃത്തിയാക്കിയ വേളയിൽ സംരക്ഷണ ഭിത്തിയുടെ ഒരു ഭാഗം തകർന്നെന്നും ഈ ഭിത്തി പുനർ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളതെന്നും രണ്ട് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ ഇടിഞ്ഞു വീണ സംരക്ഷണഭിത്തിയുടെ അവശിഷ്ട റബിളിന് എന്ത് സംഭവിച്ചുവെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശമില്ല. വർക്ക് സൈറ്റിൽ ലഭ്യമായ റബിളിനെ സംബന്ധിച്ച് പരാമർശമില്ലാത്ത സാഹചര്യത്തിൽ സംരക്ഷണ ഭിത്തി പുനർനിർമ്മിക്കുന്നതിന് ഈ റബിൾ ഉപയോഗപ്പെടുത്തിയെന്ന് ന്യായമായും കരുതാവുന്നതാണ്. ബിൽ പരിശോധിച്ചതിൽ നാമമാത്രമായ അളവിൽ സൈറ്റിൽ ലഭ്യമായ റബിൾ നിർമ്മാണത്തിന് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. എക്സ്ട്രാ ഇനമായാണ് ഇപ്രകാരം ഡിപ്പാർട്ട്മെന്റ് റബിൾ ഉപയോഗപ്പെടുത്തികൊണ്ടുള്ള പ്രവൃത്തി ചെയ്തിട്ടുള്ളത്. എന്നാൽ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതുക്കിയ സാങ്കേതികാനുമതി വാങ്ങിയതിന്റെ

യാതൊരു തെളിവും ഫയലിൽ ഇല്ല.

തകർന്ന സംരക്ഷണഭിത്തിയുടെ അളവിന്റെ 50% റബിൾ എങ്കിലും പുനരുപയോഗിക്കാൻ പാകത്തിൽ സൈറ്റിൽ ലഭ്യമായിരുന്നുവെന്ന് ന്യായമായും കരുതാവുന്നതാണ്. അത്തരത്തിൽ കണക്കാക്കുകയാണെങ്കിൽ ഈ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഏറ്റവും കുറഞ്ഞത് 13472 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പുനർനിർമ്മിച്ച സംരക്ഷണ ഭിത്തിയുടെ അളവ് ($M^3$) | പുനരുപയോഗിച്ച അളവ് | സൈറ്റിൽ ലഭ്യമായ റബിളിന്റെ അളവ് (50%-ൽപരിമിതപ്പെടുത്തിയത്) | നഷ്ടം @1100/$m^3$ |
|---|---|---|---|---|
| 332/23 പെരുംന്തോട് പഴയ കോട്ട ചന്ത സൈഡ് കെട്ട് 14 | 12.54+0.513 | 0.513 | 6.0135 | 6615 |
| 367/23 -പെരുന്തോട് പഴയ കോട്ട ചന്ത സൈഡ് കെട്ട് റീച്ച് 2 14 | 12.90+0.432 | 0.432 | 6.234 | 6857 |

സൈറ്റിൽ ലഭ്യമായ റബിൾ പ്രവൃത്തിക്ക് ഉപയോഗിക്കാതിരുന്നത്, അഥവാ സംരക്ഷണഭിത്തി ഇടിഞ്ഞുവീണപ്പോൾ ലഭ്യമായ റബിൾ എന്തെങ്കിലും കാരണങ്ങളാൽ പ്രവൃത്തിക്ക് ഉപയോഗിക്കുന്നതിന് സാധിച്ചിട്ടില്ലെങ്കിൽ ആയതിന്റെ വിശദീകരണം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നൽകാതിരുന്നത്, പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമായി ഓഡിറ്റ് നിരീക്ഷിക്കുന്നു. അതുപോലെതന്നെ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുകയും, അളവുകൾ ചെക്ക് മെഷർമെന്റ് എടുക്കുകയും ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്തും വീഴ്ചയുണ്ട്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.36/01.10.23) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ ടി പ്രവൃത്തികൾക്ക് ചെലവഴിച്ച തുക 189549രൂ. (91862+97687) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുകയോ, അല്ലാത്ത പക്ഷം ടി പ്രവൃത്തികളുടെ നിർവ്വഹണത്തിലൂടെ പൊതുഖജനാവിനുണ്ടായിട്ടുള്ള യഥാർത്ഥ നഷ്ടം കണക്കാക്കി ഈടാക്കി വിവരം അറിയിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-42 കരാർ സ്ഥാപനത്തിന്റെ ബില്ലിൽനിന്നും ആദായ നികുതി കുറവായി ഈടാക്കി

ഓഡിറ്റ് വർഷം നടപ്പിലാക്കി ബിൽ തുക നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ വിവേകാനന്ദ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് (Vivekananda Skilled Quarry Worker Co.Op. Society, Malakkara) കരാർ എടുത്തിരുന്നത്. ആദായ നികുതി നിയമം സെക്ഷൻ 194C പ്രകാരം മരാമത്ത് പ്രവൃത്തികൾ കരാറെടുക്കുന്ന വ്യക്തികൾ 1% നിരക്കിലും, സ്ഥാപനങ്ങൾ 2% നിരക്കിലുമാണ് ആദായ നികുതി ഒടുക്കേണ്ടത്. എന്നാൽ ടി സ്ഥാപനത്തിനുള്ള ബില്ലിൽനിന്നും 1% നിരക്കിലാണ് ആദായ നികുതി ഈടാക്കി ഒടുക്കുവരുത്തിയിട്ടുള്ളത്. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി മൂല്യം | ഈടാക്കിയ ആദായ നികുതി(1%) | കുറവ് |
|---|---|---|---|---|
| 1 | അങ്കണവാടികളുടെ പുനരുദ്ധാരണം (38/22, 100/23) അടങ്കൽ - 660000 | 535889 | 5359 | 5359 |

| | | | | | |
|---|---|---|---|---|---|
| | കരാർ നം. 151/2021-22, തീ. 24/03/2022<br>ചെലവ് - 600196<br>എം. ബുക്ക് നം. 48/21-22<br>ബിൽ നം., തീ. - 22070252014900353812, Dtd. 26/07/2022 | | | | |
| 2 | പൊതു കുളം നവീകരണം (236/22,<br>അടങ്കൽ - 60000<br>കരാർ നം. 128/2021-22, Dtd. 11/03/22<br>ചെലവ് - 549368<br>എം. ബുക്ക് നം. 51/21-22<br>ബിൽ നം. CFC Dtd. 08/08/2022 | 490507 | | 4905 | 4905 |
| 3 | 33, 46 നമ്പർ അങ്കണവാടികളുടെ പുനരുദ്ധാരണം (6)<br>അടങ്കൽ - 624296 (റോഡിതരം)<br>കരാർ നം. 153/2021-22, തീ 24/03/22<br>ചെലവ് - 543243<br>എം. ബുക്ക് നം. - 49/21-22<br>ബിൽ നം., തീ. | 543243 | | 5432 | 5432 |
| 4 | സാരഥിപ്പടി - വടക്കിനേത്ത് റോഡ് ഉയർത്തൽ (341/22)<br>അടങ്കൽ - 200000 (റോഡ് മെയിന്റനൻസ് ഗ്രാന്റ്)<br>കരാർ നം. 111/21-22, Dtd. 08/02/22<br>ചെലവ് - 177394<br>എം. ബുക്ക് നം. 39/21-22<br>ബിൽ നം., തീ. - 22070252014900084848, Dtd. 09/05/22 (IT 648+1124) | 177394 | | 1772 | 1776 |
| 5 | തെക്കേവീട്ടിൽപടി റോഡ് കനാൽ പാലം നിർമ്മാണം (408/22)<br>അടങ്കൽ - 350000<br>കരാർ നം. 158/21-22, Dtd. 24/03/22<br>ചെലവ് - 299048<br>എം.ബുക്ക് നം. 988/21-22<br>ബിൽ നം., തീ - 22070252014900253718, Dtd. 29/06/2022 | 267007 | | 2670 | 2670 |
| 6 | ആക്കനാട്ട് കിഴക്കേതിൽ വട്ടക്കാലയിൽ പടി റോഡ് കോൺക്രീറ്റിംഗ് (100/21-22)<br>അടങ്കൽ - 250000 (വികസന ഫണ്ട്)<br>കരാർ നം.119/2021-22, Dtd. 21/02/2022<br>ചെലവ് - 249390<br>എം. ബുക്ക് നം. 959/21-22 | 222670 | | 2227 | 2227 |

| | | | | |
|---|---|---|---|---|
| | ബിൽ നം., തീ. 22070252014901424447, Dtd. 23/03/2022 | | | |
| | ആകെ | | | 22369 |

കരാർ സ്ഥാപനത്തിൽനിന്നും ആദായ നികുതി കുറവായി ഈടാക്കിയ ഇനത്തിൽ സർക്കാർ ഫണ്ടിന് 22369 രൂപയുടെ നഷ്ടം ഉണ്ടാകുകയും, അത്രയും തുക കരാർ സ്ഥാപനത്തിന് അനർഹമായി ലഭിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/31.10.2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല.

കുറവായി ഈടാക്കിയ ആദായ നികുതി ബന്ധപ്പെട്ട കരാർ സ്ഥാപനത്തിൽനിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം പ്രവൃത്തിയുടെ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ വ്യക്തിപരമായ ബാധ്യതയായി ചുമത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-43 ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് യഥാസമയം അക്കൌണ്ട് അരംഭിച്ചില്ല; പഞ്ചായത്തിന് കിട്ടാനുള്ളത് 5.27 ലക്ഷം രൂപ

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ യഥാസമയം അക്കൌണ്ട് ആരംഭിച്ചില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലൂടെ പിരിച്ചെടുത്ത 527329 രൂപ ഓഡിറ്റ് തീയതി വരെ പഞ്ചായത്തിന് മടക്കി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | പിരിച്ചെടുത്ത തുക |
|---|---|---|
| 2016-17 | 23 | 46220 |
| 2017-18 | 33 | 40300 |
| 2018-19 | 17 | 34920 |
| 2019-20 | 9 | 15368 |
| 2020-21 | 30 | 44706 |
| 2021-22 | 222 | 163390 |
| 2022-23 | 96 | 73470 |
| 2023-24 | 134 | 108955 |
| ആകെ | | 527329 |

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 02-10-17-ലെ സ.ഉ.(സാധാ)നം.3186/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എസ്.ബി.ഐ യിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി. എന്നാൽ പഞ്ചായത്തിൽ ടെണ്ടർ ഫീസ് പിരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൌണ്ട് ആരംഭിച്ചത് 21.02.2023-ൽ മാത്രമാണ്. അക്കൌണ്ട് ആരംഭിച്ചെങ്കിലും ഇ-ടെണ്ടർ സൈറ്റിൽ മാപ്പ് ചെയ്തിട്ടില്ലാത്തതിനാൽ ഈ അക്കൗണ്ടിലൂടെ ടെണ്ടർ ഫീസ് സ്വീകരിക്കാനായിട്ടില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/30.10.23) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ ഫീസ് പിരിക്കുന്നതിന് അക്കൌണ്ട് ആരംഭിച്ചിട്ടുണ്ടെന്നും, ഇൻഫർമേഷൻ കേരള മിഷനുമായി ബന്ധപ്പെട്ട് Mapping നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചു. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽനിന്നും പഞ്ചായത്ത് അക്കൌണ്ടിലേക്ക് ലഭിക്കേണ്ട പണം ലഭിക്കുന്നതിന് വീഴ്ചകൂടാതെ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-44 വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ച് ചെറുതും, ഫലക്ഷമത കുറഞ്ഞതുമായ പദ്ധതികൾ ആവിഷ്കരിക്കുന്നു

ഓരോ മേഖലയിലും ഉപവികസന മേഖലയിലും തയ്യാറാക്കുന്ന പ്രോജക്ടുകൾവരെ വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന തെറ്റായ പ്രവണത ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. പശ്ചാത്തല മേഖലയിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ ഇത് വളരെ പ്രകടമാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ ചെറിയ അടങ്കലുള്ള അസംഖ്യം പദ്ധതികളാണ് പഞ്ചായത്ത് ആവിഷ്കരിക്കുന്നത്. 2022-23 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പടെ ആകെ 153 പ്രോജക്ടുകളായിരുന്നു ഉണ്ടായിരുന്നത്. ഇവയിൽ 50 ശതമാനത്തിൽ ഏറെയും പദ്ധതികൾ 2 ലക്ഷമോ അതിൽ കുറവോ അടങ്കലുള്ളവയായിരുന്നു. കേവലം 5 പ്രോജക്ടുകൾക്ക് മാത്രമായിരുന്നു പത്ത് ലക്ഷത്തിനുമേൽ അടങ്കലുണ്ടായിരുന്നത്. വാർഷിക പദ്ധതിയുടെ ഭാഗമായിരുന്ന 2.16 കോടി രൂപയുടെ 71 പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. പൂർത്തിയാക്കാത്ത പ്രോജക്ടുകളിൽ 17 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണെന്നതും എടുത്ത് പറയേണ്ടതാണ്. 54 പുതിയ പ്രോജക്ടുകളും നടപ്പാക്കിയിട്ടില്ല. പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് അവയുടെ സമയബന്ധിതമായ നിർവ്വഹണത്തെയും, ഫലക്ഷമതയേയും പ്രതികൂലമായി ബാധിക്കുന്നുവെന്ന് ഇതിൽനിന്നും വ്യക്തമാണ്.

പഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെയും, അവിടുത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയുമായിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം. ആയതിനാൽ പഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമഗ്ര പദ്ധതികളാണ് തയ്യാറേക്കേണ്ടത്. ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ് [സ.ഉ.(കൈ)നം.84/2022/തസ്വഭവ., തീയതി 19/04/2022 – ഖ. 2.4(8)]. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുന്ന പ്രവണത ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമല്ല. പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമം ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വാട്ടർ ടാങ്ക് സ്ഥാപിക്കൽ വികസന ഫണ്ട് അധികമായി ഉപയോഗിച്ചു.

പി.വി.സി വാട്ടർ ടാങ്ക് സ്ഥാപിക്കൽ (299/23) എന്ന പ്രോജക്ടിൽ എസ്.സി വിഭാഗത്തിൽപ്പെട്ട 66 ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകിയതിന് വിക്ടോറിയ പോളിഫോം, അരിമ്പൂർ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് വികസനഫണ്ടിൽ നിന്ന് 181500 രൂപയും ഗുണഭോക്തൃവിഹിതം ഇനത്തിൽ 48840 രൂപയും ഉൾപ്പെടെ 230340 രൂപ നൽകിയിട്ടുണ്ട്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.കൈ. നം.115/2022 ത.സ്വ.ഭ.വ. തീയതി 28.05.2022) പ്രകാരം പി.വി.സി വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി പട്ടികജാതി വിഭാഗത്തിന് യൂണിറ്റ് നിരക്കിന്റെ 75% തുകയാണ് സബ്സിഡി നൽകാൻ കഴിയുന്നത്. ഇതു പ്രകാരം 66 വാട്ടർ ടാങ്കുകളുടെ വിലയായ 230340 രൂപയുടെ 75% ആയ 172755 രൂപയാണ് സബ്സിഡി ആയി നൽകാൻ കഴിയുന്നത്. എന്നാൽ ഇവിടെ വികസന ഫണ്ടിൽ നിന്നും 8745 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. അധികമായി നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-23 കാണുക.

## 3-2 ജില്ലാതല യൂണിറ്റ് കോസ്റ്റിൽ അധികരിച്ചുള്ള നിരക്ക് നൽകിയത് മൂലം അധിക ചിലവ്

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ജാതി തൈ വിതരണം എന്ന പ്രോജക്ട് പ്രകാരം(പ്രോ.നം.230) ജാതിത്തൈ വാങ്ങുന്നതിന് ജില്ലാതല യൂണിറ്റ് കോസ്റ്റിലും കൂടുതൽ നിരക്കിൽ തുക നൽകിയതിനാൽ വികസന ഫണ്ടിൽ നിന്നും 22950 രൂപ അധികം ചെലവഴിച്ചു. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-24 കാണുക.

### 3-3 കടവുകളിലെ ചെളി നീക്കം ചെയ്യൽ തിരുവാഭരണപാത വൃത്തിയാക്കൽ; ബില്ലും വൌച്ചറുമില്ലാത്ത 1.29 ലക്ഷം രൂപയുടെ അനധികൃത ചെലവ്

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.85/23 പ്രകാരം നടപ്പാക്കിയ **"ശബരിമല തീർത്ഥാടനം – കടവുകളിലെ ചെളി നീക്കം ചെയ്യൽ തിരുവാഭരണപാത വൃത്തിയാക്കൽ"** എന്ന പദ്ധതിയുടെ ചെലവ് രേഖകൾ സൂക്ഷിക്കുകയോ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തില്ല. ഈ പദ്ധതിയ്ക്ക് 2022-23 വർഷം 129999രൂപ ചെലവഴിച്ചു. ശ്രീ വിനീത് രാജൻ എന്ന കരാറുകാരനാണ് തുക കൈപ്പറ്റിയിട്ടുള്ളത്. കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതിന്റെ വിവരം എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും ലഭ്യമായില്ല. ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ നടപടി ക്രമങ്ങൾ പാലിച്ചാണോ കരാർ നൽകിയതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചെലവിന്റെ കൃത്യതയും, സാധുതയും തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/30.10.2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. തുടർന്ന് ഓഡിറ്റിൽ ആവശ്യപ്പെട്ട ഫയലുമായി നേരിട്ട് ഹാജരാകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് ചട്ടപ്രകാരം സമൺസ് നൽകിയെങ്കിലും ഫയൽ കണ്ടെത്താനായില്ലെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിന് മുമ്പാകെ നേരിൽ ഹാജരായി അറിയിച്ചത്. ഈ സാഹചര്യത്തിൽ ബില്ലും വൌച്ചറും ഇല്ലാതെ പഞ്ചായത്ത് ഫണ്ടിൽനിന്നും അനധികൃതമായി പിൻവലിച്ചതായി കണ്ട 129999 രൂപ ഓഡിറ്റിൽ നിരാകരിച്ചു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട് (ഖ.1-37).

### 3-4 പാതി വഴിയിൽ മുടങ്ങി കുറിച്ചിമുട്ടം മൃഗാശുപത്രി കെട്ടിട നിർമ്മാണം; 9.63 ലക്ഷം രൂപ ചെലവഴിച്ച കെട്ടിടം സംരക്ഷണമില്ലാതെ നശിക്കുന്നു

ആറന്മുള പതിനേഴാംവാർഡിൽ സ്ഥിതിചെയ്യുന്ന കുറിച്ചിമുട്ടം മൃഗാശുപത്രിയുടെ നിർമാണം പാതിവഴിയിൽ മുടങ്ങിക്കിടക്കുന്നത് പഞ്ചായത്തിന് ബാധ്യത സൃഷ്ടിക്കുന്നു. പഴയ കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ പുതിയ കെട്ടിടത്തിനായി 2019-2020 സാമ്പത്തിക വർഷം പദ്ധതി ആവിഷ്കരിക്കുകയും 9.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ക്ഷണിക്കുകയും ചെയ്തിരുന്നു. 2021-22വർഷത്തിൽ 7.29 ലക്ഷം രൂപ ചെലവഴിച്ച് 70 ശതമാനത്തോളം നിർമ്മാണം നടത്തിയെങ്കിലും നിർമ്മാണം നിലച്ചുപൊകുകയായിരുന്നു. സ്ട്രക്ചർ നിർമ്മാണം പൂർത്തിയായ ഈ കെട്ടിടം സംരക്ഷണമില്ലാതെ കാടുമൂടിയ നിലയിലാണ്.

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, ഈ പ്രവൃത്തിയുടെ ടെണ്ടർ എടുത്തിരുന്ന കരാറുകാരന് 103413 രൂപ അധികം പ്രതിഫലം നൽകിയിട്ടുള്ളതായി കണ്ടു. കരാറുകാരന് അർഹമായ ബിൽ തുക കണക്കാക്കിയതിലെ പിശകാണ് അധികം തുക നൽകാൻ ഇടയായതെന്നാണ് കണ്ടത്. അധികം നല്കിയ തുക ഓഡിറ്റിൽ നിരാകരിച്ചു. നിരാകരണം സംബന്ധിച്ച വിശദാംശങ്ങളും, പ്രവൃത്തിയുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള മറ്റ് അപാകതകളും ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട് (ഖ.1-39).

### 3-5 പാർശ്വഭിത്തി നിർമ്മാണത്തിന് ആവശ്യമായ അളവിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; കരാറുകാരന് അനർഹമായി നൽകിയ 32774 രൂപ നിരാകരിക്കുന്നു

**2022-23** വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ എരുമക്കാട് ചാത്തൻങ്കേരി തലക്കാട്ടുമലപ്പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിക്കുകയും, പ്രവൃത്തി സ്ഥലത്ത് നേരിട്ട് പരിശോധന നടത്തുകയും ചെയ്തതിൽ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ കൃത്യമായി പാലിച്ചല്ല പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് വ്യക്തമായി. സ്പെസിഫിക്കേഷൻ അനുസരിച്ച് പ്രവൃത്തി നടത്തുന്നതിന് 394 എണ്ണം ആണിക്കല്ല് (Bond Stone) ഉപയോഗിക്കേണ്ടതിന് പകരം കേവലം 20 എണ്ണം കോൺക്രീറ്റിൽ കാസ്റ്റ് ചെയ്ത് ഉപയോഗിച്ചിട്ടുള്ളതായാണ് കണ്ടത്. ആവശ്യമായ അളവിൽ ആണിക്കല്ല് ഉപയോഗിച്ച് നിർമ്മാണം നടത്താതിരുന്നതിനാൽ പ്രവൃത്തിയുടെ ഗുണനിലവാരത്തിൽ പോരായ്മ ഉണ്ടായെന്ന് മാത്രമല്ല ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണുകൾക്ക് നിരക്ക് അനുവദിക്കുക വഴി കരാറുകാരന് അനർഹമായ ലാഭം ഉണ്ടാകുകയും ചെയ്തു.

ഈ പ്രവൃത്തിക്ക് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ലാത്ത സംഗതിയിൽ പാറകെട്ടിന് അനുവദിച്ച നിരക്കിൽനിന്നും (Item No.2) പ്രവൃത്തിക്ക് ഉപയോഗിക്കാതിരുന്ന Bond Stone-ന്റെ വില കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. പ്രവൃത്തിക്ക് യഥാർത്ഥത്തിൽ ഉപയോഗിക്കാത്ത 374 ബോണ്ട് സ്റ്റോണുകളുടെ വിലയായി 87.63 രൂപ നിരക്കിൽ 32774 രൂപ കരാറുകാരന് നൽകിയത് ഓഡിറ്റിൽ നിരാകരിച്ചു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ ഖണ്ഡിക 1-40 ആയിട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി (262/23) | 500000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 89748 | പാലിന് സബ്സിഡി (423/23) | 89748 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 120000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി -എസ്.സി.പി (348/23) | 120000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 1208614 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി -ജനറൽ (262/23) | 1208614 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 330000 | ലൈഫ് ഭവന പദ്ധതി- ജനറൽ (282/23) | 330000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 600000 | ലൈഫ് ഭവന പദ്ധതി- എസ്.സി.പി (284/23) | 600000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 114648 | അങ്കണവാടി-പോഷകാഹാര പദ്ധതി (22/23) | 114648 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (39/23) | 150000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 78400 | അങ്കണവാടി-ശിശു സൗഹൃദമാക്കൽ (426/23) | 78400 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ്ലൈൻ നീട്ടൽ (1/23) | 1860165 | 0 | 1860165 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | പോസ്റ്റ് സ്ഥാപിച്ച് ലൈൻ വലിക്കൽ (275/23) | 130084 | 0 | 130084 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (276/23) | 69993 | 0 | 69993 |
| കേരള വാട്ടർ അതോറിറ്റി | കോട്ട കുടിവെള്ള പദ്ധതി (472/23) | 2000000 | 0 | 2000000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വായ്പയെടുത്ത തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 5703711 | | 2117941 | -- | 3585770 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | 3-6 | 2015-15 3.6.2 | എസ്.സി, എസ്.റ്റി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപാകത | പരാമർശം നിലനിൽക്കുന്നു. |
| | 3-6 | 2015-16 3.7.7 | കുറുമ്പൻ ദൈവത്താൻ സ്മാരകം- തുടർപ്രവർത്തനങ്ങൾ ഇല്ല | പരാമർശം നിലനിൽക്കുന്നു. |
| | 3-6 | 2015-16 3.7.11 | എസ്.സി. പ്രൊമോട്ടർ കർമ്മസമിതി യോഗങ്ങളിൽ പങ്കെടുക്കുന്നില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-2 | 216-17 അനുബന്ധം | വസ്തുനികുതി-വിവിധ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-3 | 2016-17 അനുബന്ധം | വസ്തുനികുതി-വിവിധ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-2 | 2016-17 അനുബന്ധം | തൊഴിൽ നികുതി- വിവിധ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) **സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 98194317 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61220743 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 297881 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 959397 |

ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 1-23 | -- | 8745 | ശ്രീമതി ശ്രീലേഖ പി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | -- | 22950 | ശ്രീമതി ചന്ദന ആർ, കൃഷി ഓഫീസർ |
| 1-37 | -- | 129999 | ശ്രീ ഉണ്ണികൃഷ്ണൻപിള്ള കെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-39 | -- | 103413 | ശ്രീ തുശ്ശിബാലൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-40 | -- | 32774 | ശ്രീ തുശ്ശിബാലൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 150000 | ശ്രീമതി ശ്രീലേഖ പി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-38 | 619848 | ശ്രീ ഉണ്ണികൃഷ്ണൻപിള്ള കെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-41 | 189549 | ശ്രീ തുശ്ശിബാലൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

സി) **കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-42 | 22369 | ശ്രീ തുശ്ശിബാലൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖ: 1-41

ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഉണ്ണികൃഷ്ണൻപിള്ള കെ., അസിസ്റ്റന്റ് എഞ്ചിനീയർ | -- | ബിന്ദുഭവൻ, കിടങ്ങന്നൂർ പി.ഒ., പത്തനംതിട്ട |
| ശ്രീ തുശ്ശിബാലൻ, അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.സി.ജി.ഡി., ആറന്മുള | പല്ലാക്കശ്ശേരി, കടമ്പനാട് സൗത്ത് പി.ഒ., പത്തനംതിട്ട - 691553 |
| ശ്രീമതി ശ്രീലേഖ പി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ആറന്മുള ഗ്രാമപഞ്ചായത്ത് | പൗർണ്ണമി, കുറിച്ചിമുട്ടം പി.ഒ – 689514 |
| ശ്രീമതി ചന്ദന ആർ, കൃഷി ഓഫീസർ | കൃഷിഭവൻ, കിടങ്ങന്നൂർ | ചേങ്ങോട്ട് കിഴക്കേക്കര, പെരിങ്ങനാട് പി.ഒ, അടൂർ – 691551 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി3/478 /05/05.01.06 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി6/642 /09/13.04.10 | 3 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.പി.റ്റി.എ.പി5/687 /12/30.10.12 | 7 |
| 2012-13 മുതൽ 2013-14 വരെ | എൽ.എഫ്.പി.റ്റി.എ.പി11/894 /14/04.12.15 | 3 |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി11/682 /16/24.06.16 | 5 |
| 2015-16 | എൽ.എഫ്.പി.റ്റി.എ.പി11/1206 /16/07.11.16 | 6 |
| 2016-17 | എൽ.എഫ്.പി.റ്റി.എ.പി9/981 /17/13.09.17 | 14 (2-2, 2-3(2), 2-6(1, 3), 2-10, 3-2, 3-3, 3-4, 3-5, 3-7, 3-12, 3-14, 3-15, 4-1, 4-2) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി11/97 /19/07.03.19 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി11/944 /19/05.12.19 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി11/146 /22/23.02.22 | 15 (1-11, 1-12, 1-15, 1-18, 1-19, 1-20, 1-22, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-31, 4-2) |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി11/147 /22/23.02.22 | 16 (1-12, 1-12(1), 1-13, 1-13-1, 1-15, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 4-2) |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി11/13 /24/03/2023 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number I dated 24-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the ARANMULA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of ARANMULA Grama Panchayat for the year 2022-2023

**Date: 08/12/2023**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

# Audit Report appended to the Audit Certificate of ARANMULA Grama Panchayat for the Year 2022-2023 .

**1.Major Observations**

Asset register is not comprehensive. The value of assets included in the balance sheet does not match with the asset register.

**2.Other Observations**

1) Ratios as mentioned in the kerala panchayathi raj accounting rules, rule 62 are not submitted along with annual financial statement.

2) Capital work in progress - Part payments made were not acounted in this head

3) Redemption amoun shown in the Balance Sheet is not accurate

4) Net increase in cashflow does not match with the difference between the Opening Balance and Closing Balance of cash and cash equivalents

5) Lapses is making timely and accurate Demand entries of Tax and Non tax revenues

6) The annual summary under property tax in sanchaya software does not match with the corresponding figures in annual

financial statement.

7) The closing balance of finance commission grant as per schedule B4 does not match with the balance amount in the respective bank account

8) Schedule I - 6 Liability amount shown in the AFS does not match with amount shown in respective treasury account.

9) The deposit register is not updated and hence does not match with the accounts

10) Amount deposited with KSEB, KWA, GWD etc for deposit works are shown as liability are not transformed to capital contribution for want of utilisation certificate.
11) Monthly Bank reconciliation statement not prepared
12)The accuracy of the amount shown in the prior period items could not be ascertained
13) Lack of authenticated journal vouchers for supporting the adjustment entries recorded in Prior period items
14) Balance shown in B4 schedule of western ghut development programme is not correct.
15) Demand Registers does not match with AFS
16) Wrong journal entry provided for Suchithwa Mission grant.
17) Joint Venture projects expenditure does not match with AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്